

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മട്ടന്നൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.3/201/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/03/2026
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
മട്ടന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയരക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസിൽ)
2.ജോയിന്റ് ഡയരക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്,കണ്ണൂർ
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ബി.3/201/2026 തീയ്യതി: 25/03/2026

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2025 മുതൽ 05-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷോബി.വി.പി	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-01-2026	08-01-2026
ശ്രീ.ജ്യോതിഷ് കുമാർ.സി.വി	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	09-01-2026	27-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-01-2026	27-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.രമേശൻ കരോത്ത്,ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീജ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിജില.ടി,ഓഡിറ്റർ
ശ്രീ.അഖിൽ മോഹൻ.ടി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എൻ.ഷാജിത്ത് മാസ്റ്റർ	ചെയർമാൻ	01-04-2024	31-03-2025
ശ്രീ.വിനോദ് കുമാർ.എസ്	സെക്രട്ടറി	01-04-2024	06-01-2025
ശ്രീ.പ്രണാം.കെ.ടി	സെക്രട്ടറി-ഇൻ-ചാർജ്ജ്	07-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.സുഷമ.കെ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2024	31-03-2025
ഡോ.വിദ്യോത്ത് കുമാർ.പി.വി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2024	15-01-2025
ഡോ.അമല ജെ. തെരേസ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	16-01-2025	31-03-2025
ഡോ.ദീപ.പി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ.സെയ്ത് അബുബക്കർ സിദ്ദിഖ്	സീനിയർ വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.മുരളീധരൻ.സി	ഹെഡ് മാസ്റ്റർ,ജി.യു.പി.എസ്	01-04-2024	31-03-2025
ശ്രീമതി.ഷൈലജ.എ	ഹെഡ് മാസ്റ്റർ,ജി.എൽ.പി.എസ്	01-04-2024	31-03-2025
ശ്രീമതി. അനുശ്രീ	കൃഷി ഓഫീസർ	01-04-2024	08-04-2024
ശ്രീ.റാം മോഹൻ	കൃഷി ഓഫീസർ	09-04-2024	06-11-2024

ശ്രീമതി. അങ്കിത.എം.ഒ	കൃഷി ഓഫീസർ	07-11-2024	04-12-2024
ശ്രീമതി. അനുശ്രീ	കൃഷി ഓഫീസർ	05-12-2024	31-03-2025
ശ്രീമതി. ദീപ തോമസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.കുഞ്ഞിരാമൻ.കെ.കെ	ഹെൽത്ത് ഓഫീസർ	01-04-2024	31-03-2025
ശ്രീ.രമേശ് ബാബു.കെ.പി	പ്രൊജക്റ്റ് ഓഫീസർ	01-04-2024	31-05-2024
ശ്രീ.വിജീഷ്.കെ.കെ	പ്രൊജക്റ്റ് ഓഫീസർ	01-06-2024	31-03-2025
ശ്രീ. പ്രണാം കെ.ടി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കൃാരി ഓവർ ചെയ്തതിലെ അപാകം.	1-1-1
3	ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-2
4	ചെലഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി.	1-1-3
5	വരവ് ചെലവ് മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
6	വരവ് തുക അതത് ശീർഷകത്തിൽ വരവ് ചേർത്തിട്ടില്ല.	1-1-5
7	വികസന ഫണ്ട്- പി എം എ വൈ ഫണ്ടായി വരവിലുൾപ്പെടുത്തി.	1-1-6
8	സ്ഥിര നിക്ഷേപം – പലിശ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല.	1-1-7
9	സസ്പെൻസ് അക്കൗണ്ടിൽ ചേർത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.	1-1-8
10	വായ്പ ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-11
13	നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല	1-1-12
14	സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-13
15	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.	1-1-14
16	ബി 8 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.	1-1-15
17	റെവന്യൂ ചെലവ് ആസ്തിയായി രേഖപ്പെടുത്തി	1-1-16
18	ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക മുഴുവനായും ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.	1-1-17
19	ബാങ്ക് റീകൺസിലിയേഷൻ - വ്യത്യാസമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല.	1-1-18
20	ബാങ്ക് ബുക്ക് നീക്കിയിരിപ്പ് - റികൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-19
21	അഡ്വാൻസ് തുക സ്ഥിര ആസ്തിയായി രേഖപ്പെടുത്തി	1-1-20
22	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-21
23	രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമല്ല.	1-1-22

24	വസ്തു നികുതി ഇനത്തിൽ ജേണൽ മുഖേനയുള്ള ഒഴിവാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-23
25	ബജറ്റ്	1-2
26	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
27	ഫണ്ട് വിനിയോഗം	1-4
28	പൊതു അവലോകനം	1-5
29	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
30	ക്ഷേമ പദ്ധതികൾ	1-7
31	ക്യാഷ് പരിശോധന	1-8
32	ആഭ്യന്തരനിയന്ത്രണം	1-9
33	വാർഡ്സഭ	1-10
34	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ	1-11
35	പാർപ്പിടത്തിന്റെ ഉപവിഭാഗം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു	1-12
36	വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ	1-13
37	വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.	1-14
38	വാടക-കടമുറികൾ വാടകക്ക് നൽകുന്നതിലും വാടക പിരിച്ചെടുക്കുന്നതിലുമുള്ള അപാകങ്ങൾ	1-15
39	എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-16
40	ഐ കെ എം വിഹിതം- വിനിയോഗ വിവരം ലഭ്യമല്ല. ₹5,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
41	പട്ടികജാതി വനിതകൾക്ക് കോഴിയും കൂടും - സബ്സിഡി അനുവദിച്ചത് - ₹2,05,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
42	വായനശാല, സ്കൂളുകൾക്ക് പത്രം- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.	1-19
43	എസ് സി കിണർ റിപ്പയർ - അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.	1-20
44	ബാലസഭ അംഗങ്ങൾക്ക് കലാകായിക പരിപോഷണം - രേഖകൾ ലഭ്യമാക്കിയില്ല. ₹ 13,080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
45	വനിതകളുടെ ഹരിത പ്രോട്ടോക്കോൾ പരിപാലന യൂണിറ്റ് -രേഖകൾ ലഭ്യമാക്കിയില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22

46	ഭിന്നശേഷി കുട്ടികളുടെ കലാമേള - അധികം തുക ചെലവഴിച്ചു - ₹ 23,180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
47	ഹാപ്പിനെസ്സ് ഫെസ്റ്റ്- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. ₹155275 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
48	ആർട്ട് ആന്റ് ഗെയിംസ് ഫെസ്റ്റിവൽ- രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹108100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
49	തെരുവ് വിളക്കിന് വൈദ്യുതി ചാർജ്ജ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല.	1-26
50	പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.	1-27
51	മരണ ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ തുക അനുവദിച്ചു.	1-28
52	എസ്.എസ്.കെ വിഹിതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	1-29
53	നവ മുകുളം പദ്ധതി - വൗച്ചറുകൾ ലഭ്യമാക്കിയില്ല.₹19,690 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
54	പെൻ ബൂത്ത് സ്ഥാപിക്കൽ-അപാകങ്ങൾ	1-31
55	അർബൻ ഡയാലിസിസ് കേന്ദ്രത്തിന് മരുന്നും മറ്റും വാങ്ങൽ ആവശ്യപ്പെട്ട മരുന്നുകൾ മുഴുവനും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹1,55,499 തടസ്സപ്പെടുത്തുന്നു.	1-32
56	സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹96,620 തടസ്സപ്പെടുത്തുന്നു.	1-33
57	വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോക്ക് രജിസ്ററർ സൂക്ഷിച്ചിട്ടില്ല. ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-34
58	മിനി എം.സി.എഫിന് അടിത്തറ നിർമ്മാണം - വെർട്ടിക്കൽ ഗാർഡൻ നിർമ്മാണം പരിപാലനമില്ലാതെ നശിക്കുന്നു	1-35
59	മിനി എം.സി.എഫിന് സ്ഥാപിക്കൽ - സ്റ്റോക്ക് / ആസ്തി വിവരം ലഭ്യമാക്കിയിട്ടില്ല. ₹13,38,686 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-36
60	കുഴൽ കിണറിന് മോട്ടോർ ,ടാങ്ക് സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹3,85,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-37
61	റോഡ് പാച്ച് പ്രവൃത്തിക്കായി കോൾഡ് മിക്സ് ബാഗ് വാങ്ങൽ- സ്റ്റോക്ക്, വിനിയോഗ വിവരം ലഭ്യമാക്കൽ . ₹1,19,486/യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-38

62	പൈതൃക മാലിന്യ സംസ്കരണം - ചരക്ക് സേവന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടും നികുതി ഉൾപ്പടെയുള്ള തുക കരാറുകാരന് അനുവദിച്ചു.	1-39
63	പൊതു മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-40
64	പൊതു ടോയ് ലെറ്റ് നവീകരണം നഗരസഭ - രേഖകൾ ലഭ്യമാക്കിയില്ല - ₹1817224 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-41
65	ഹെൽത്ത് ഗ്രാന്റ് (സ്കീം 5 & 6) വിനിയോഗത്തിലെ കാര്യക്ഷമതയും ഫലപ്രാപ്തിയും.	1-42
66	പെൻഷൻ ഫണ്ടുകളുടെ ഓഡിറ്റ്	1-43
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	എസ് സി കിണർ റിപ്പയർ - അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.	3-1
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് - അവലോകനം	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മട്ടന്നൂർ നഗരസഭയുടെ 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29-11-2025 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 3-12-2025 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തീക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
25.03.2026.

1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക ക്യാരി ഓവർ ചെയ്തതിലെ അപാകം.

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ₹33,21,761 യാണ് മിച്ചതുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബാലൻസ് ഷീറ്റിൽ ഇൻകം ഓവർ എക്സ്പെന്റിച്ചർ ശീർഷകത്തിൽ ക്യാരി ഓവർ ചെയ്തിട്ടുള്ള തുക ₹29,07,711 യാണ്. മിച്ചതുക ക്യാരി ഓവർ ചെയ്തതിൽ ₹4,14,050 യുടെ വ്യത്യാസമുണ്ട്.

1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I)ദുരിതാശ്വാസ നിധി – B-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക (₹45,667) B-2ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹1,38,209) പൊരുത്തപ്പെടുന്നില്ല.

Ii)ധനകാര്യ കമ്മീഷൻ ഗ്രാന്റ് - B-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക (₹1,55,23,639) B-4

ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹1,57,25,001) പൊരുത്തപ്പെടുന്നില്ല.

1-1-3 ചെലഴിച്ച തുക ബാധ്യതയായി രേഖപ്പെടുത്തി.

NULM ഫണ്ടിനത്തിൽ തൻ വർഷം ലഭിച്ച തുകയായ ₹10,85,845 (₹2,79,178+₹8,06,667) മുഴുവനായും ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ ബി 2 ഷെഡ്യൂളിലെ Poverty Alleviation Fund എന്ന ശീർഷകത്തിൽ ₹8,06,667-യും ബി 4 ഷെഡ്യൂളിലെ NULM എന്ന ശീർഷകത്തിൽ ₹2,79,178 യും ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-4 വരവ് ചെലവ് മുഴുവനായും ഉൾപ്പെടുത്തിയിട്ടില്ല.

AUEGS ഫണ്ടിനത്തിൽ തൻവർഷം ₹3,03,00,000 ലഭ്യമാവുകയും ആയത് മുഴുവനായും ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ആയത് മുഴുവനായും വാർഷിക ധനകാര്യ പത്രികയിൽ വരവ് ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 വരവ് തുക അതത് ശീർഷകത്തിൽ വരവ് ചേർത്തിട്ടില്ല.

2022-23 വർഷത്തെ പ്രൊജക്ട് നമ്പർ 54/23 റിംഗ് കമ്പോസ്റ്റ് വിതരണം പദ്ധതിയിൽ CFC ഗ്രാന്റിൽ നിന്നും തെറ്റായി ചെലവഴിച്ച തുകയായ ₹ 1,19,750 CFC അക്കൌണ്ടിൽ 2024-25 വർഷം തിരികെ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് CFC ഗ്രാന്റിനത്തിലെ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 വികസന ഫണ്ട്- പി എം എ വൈ ഫണ്ടായി വരവിലുൾപ്പെടുത്തി.

പി എം എ വൈ നഗരസഭ വിഹിതം കൈമാറൽ എന്ന പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് തുക നേരിട്ട് അനുവദിക്കുന്നതിന് പകരം വികസന ഫണ്ട് കാനറ ബാങ്കിന്റെ 42562200041203 എന്ന ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റി പ്രസ്തുത അക്കൌണ്ടിൽ നിന്നാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. ഇപ്രകാരം മാറ്റുന്ന തുക ഉൾപ്പെടെയാണ് തൻ വർഷം പി എം എ വൈ ഫണ്ടിനത്തിലെ വരവ് ചെലവ് തുകയായി ഉൾപ്പെടുത്തുന്നത്. ഇപ്രകാരം അക്കൗണ്ട് ചെയ്തിട്ടുള്ളതിനാൽ പി എം എവൈ ഫണ്ടിനത്തിലെ യഥാർത്ഥ വരവ് ചെലവിനേക്കാൾ തുക വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നുണ്ട്.

1-1-7 സ്ഥിര നിക്ഷേപം – പലിശ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല.

സ്ഥിര നിക്ഷേപമിനത്തിൽ തൻവർഷം ലഭിച്ച പലിശ വരവ് വാർഷിക ധനകാര്യപത്രികയിൽ വരവായി അക്കൗണ്ട് ചെയ്തിട്ടില്ല. 2023-24 വർഷം രേഖപ്പെടുത്തിയ തുകയായ ₹1,19,95,417 യാണ് തൻവർഷവും സ്ഥിരനിക്ഷേപമിനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-8 സസ്പെൻസ് അക്കൗണ്ടിൽ ചേർത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ബാലൻസ്ഷീറ്റിലെ ബി 1 ഷെഡ്യൂളിലെ സസ്പെൻസ് അക്കൌണ്ടിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹1,10,07,994 യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-9 വായ്പ ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക വായ്പ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

31-3-2023 ൽ ലൈഫ് മിഷൻ വായ്പ ഇനത്തിൽ രജിസ്റ്ററിൽ ബാധ്യതയായി കാണിച്ച ₹3,24,79,997 യിൽ ജി. ഒ. പ്രൊജക്ട് പ്രകാരം ₹29,46,667 കുറവ് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ₹19,86,667 കുറവ് ചെയ്തതായി കാണിച്ച് ₹3,04,93,330 ആണ് 31-3-2024-ലെ ക്ലോസിംഗ് ബാലൻസ് രേഖപ്പെടുത്തിയിട്ടുള്ളത്. ജി. ഒ പ്രൊജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ₹9,60,000x3=₹28,80,000 കുറവ് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ₹19,20,000 കുറവ് ചെയ്തതായി കാണിച്ചാണ് കണക്ക് തയ്യാറാക്കിയിട്ടുള്ളത്. 2024-25 വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം, 31-3-2024ലെ ക്ലോസിംഗ് ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ള ₹3,04,93,330 യിൽ നിന്നും ജി. ഒ. പ്രൊജക്ട് പ്രകാരം കുറവ് ചെയ്ത ₹29,46,667 കുറവ് ചെയ്ത് ₹2,75,46,663 യും തൻ വർഷം ലോണിനത്തിൽ ലഭ്യമായ ₹62,00,000 യുമാണ് 31-3-2025 ലെ ക്ലോസിംഗ് ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം തൻ വർഷം ലഭിച്ച ₹62,00,000 യിൽ ₹6,54,270 തിരിച്ചടച്ചതായി രേഖപ്പെടുത്തി ₹55,45,730 തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷം ലഭിച്ച ലോണിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക എത്രയാണെന്ന് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ വായ്പ ബാധ്യത കാണിച്ചത് കൃത്യമല്ല. വായ്പ ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വായ്പ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും കൃത്യമല്ല.

1-1-10 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

I.2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

Ii. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-11 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-12 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

2007-ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(e) പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-13 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാ:- വസ്തു നികുതി സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-14 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകളില്ല.

ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. ഉദാഹരണമായി വിവിധ ഡിമാന്റുകളിൽ , മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ വ്യത്യാസം വരുത്തുന്നതിനായി ഐ-19, ഷെഡ്യൂളിൽ പ്രയർ പിരീഡ് വരവ്, ചെലവായി ഉൾപ്പെടുത്തിയ തുക സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടില്ല.

1-1-15 ബി 8 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

കെ സ്മാർട്ടിൽ രജിസ്റ്റർ/ റിപ്പോർട്ട് ലഭ്യമാവാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-8 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള നെറ്റ് സാലറി ഒഴികെയുള്ള തുകകൾ നഗരസഭയിലെ രേഖകളുമായി ഒത്തു നോക്കി കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-16 റെവന്യൂ ചെലവ് ആസ്തിയായി രേഖപ്പെടുത്തി

റവന്യൂ ചെലവ് ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തേണ്ടതിന് പകരം ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം- Furniture, Fixture, Fitting & Electricals എന്ന ശീർഷകത്തിൽ മോട്ടോർ റിപ്പയർ ചാർജ്ജ്, പ്രിന്റർ റിപ്പയർ ചാർജ്ജ് എന്നിവ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-17 ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക മുഴുവനായും ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക മുഴുവനായും ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം - പ്രൊജക്ട് നം. 413/25 പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങുന്നതിനായി ₹5,44,425 ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

1-1-18 ബാങ്ക് റീകൺസിലിയേഷൻ - വ്യത്യാസമുള്ള തുകയുടെ വിശദാംശം ലഭ്യമല്ല.

വിവിധ ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും പാസ് ബുക്കിൽ രേഖപ്പെടുത്തിയ തുകയും തമ്മിലുള്ള വ്യത്യസമായി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

1-1-19 ബാങ്ക് ബുക്ക് നീക്കിയിരിപ്പ് - റികൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് റികൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാങ്ക് അക്കൌണ്ട്	ബാങ്ക് ബുക്ക് നീക്കിയിരിപ്പ്	മാർച്ച് 2025 ലെ റികൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് നീക്കിയിരിപ്പ്
ദുരിതാശ്വാസ നിധി അക്കൌണ്ട്(A/C No.0301110000881)	₹ 45,667	₹ 25,667
എസ് ബി ഐ അക്കൌണ്ട്(A/C No.67191739590	66,44,900	₹ 64,85,600
AUEGS- A/C No. 340102010019994	1,53,244	1,41,798

1-1-20 അഡ്വാൻസ് തുക സ്ഥിര ആസ്തിയായി രേഖപ്പെടുത്തി

2023-24 വർഷത്തെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ 4605099 -Advance To Others എന്ന ശീർഷകത്തിലുള്ള ₹41,74,359 , 2024-25 വർഷത്തെ B-9 Fixed Deposits എന്ന ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-1-22 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമല്ല.

1. വസ്തു നികുതി ഒഴികെയുള്ള വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ സംക്ഷിപ്ത വിവരങ്ങളടങ്ങിയ ഡി സി ബി പത്രിക കെ സ്മാർട്ട് വഴി ലഭ്യമല്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. ഡപ്പോസിറ്റ് ഇനത്തിൽ മുൻ വർഷങ്ങളിലുൾപ്പെടെ ലഭിച്ചിട്ടുള്ളതും ക്രമീകരിച്ചതുമായ ഡപ്പോസിറ്റ് സംബന്ധിച്ചും അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചത് സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രൊപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ലഭ്യമല്ല.

1-1-23 വസ്തു നികുതി ഇനത്തിൽ ജേണൽ മുഖേനയുള്ള ഒഴിവാക്കിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

4311002 – Receivale For Property Taxes (Arrear) എന്ന ലെഡ്ജറിൽ വസ്തുനികുതി ഇനത്തിൽ ജേണൽ മുഖേന ഒഴിവാക്കിയിട്ടുള്ള 1205915 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

1-2 ബജറ്റ്

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 2-03-2024 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20-03-2025 ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്(₹)	3,64,39,960	10,78,81,632
വരവ്(₹)	64,04,69,060	49,21,74,705
ആകെ(₹)	67,69,09,020	60,00,56,337

ചെലവ്(₹)	66,03,15,260	49,15,28,773
നീക്കിയിരിപ്പ്(₹)	1,65,93,760	10,85,27,564

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്(₹)	8,89,55,923
വരവ്(₹)	29,11,94,159
ആകെ(₹)	380150082
ചെലവ് (₹)	24,72,86,596
നീക്കിയിരിപ്പ്(₹)	13,28,63,486
വരവിനങ്ങളിലെ നഷ്ടം(₹)	0
ചെലവിനങ്ങളിലെ നഷ്ടം(₹)	8,000
തടസ്സപ്പെടുത്തിയ തുക(₹)	62,36,840

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് ലഭിച്ചത് (₹)	ആകെ (₹)	ചെലവ് (₹)	ലാപ്സ്/ നീക്കിയിരിപ്പ് (₹)
വികസനഫണ്ട് ജനറൽ		0	42015873	42015873	42003828	12045
വികസനഫണ്ട് എസ്.സി.പി		0	4353693	4353693	3943523	410170
വികസനഫണ്ട് ടി.എസ്.പി		0	485344	485344	386163	99181
മെയിന്റനൻസ് ഗ്രാന്റ് റോഡ്		0	39125000	39125000	38998044	126956
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്		0	13547000	13547000	9245953	4301047
സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്-	ബാങ്ക്	16474659	11381380	27856039	13633672	14222367
	ട്രഷറി		14631781	14631781	8613252	6018529
സെൻട്രൽഫിനാൻസ് കമ്മീഷൻ-&ബേസിക്-ബാങ്ക്		9732559	8539080	18271639	16769005	1502634
ഹെൽത്ത് ഗ്രാന്റ് - വെൽനസ്സ് ഗ്രാന്റ്		8579262	4262940	12842202	7544038	5298164
ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ		660709	30716	691425	646325	45100

ഐ സി ഡി എസ് ഫണ്ട്	896272	5276856	6173128	3054371	3118757
എൻ യു എൽ എം ഫണ്ട്	0	1085845	1085845	1085845	0
പി എം എ വൈ ഫണ്ട്	0	7800000	7800000	7800000	
ആയുഷ് ഫണ്ട്	4,50,000	0	4,50,000	0	4,50,000
സ്വച്ഛ് ഭാരത് മിഷൻ	0	176287	176287	176287	0
പി എം എ വൈ ഫണ്ട്	0	7800000	7800000	7800000	0

കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി 4 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ മുഴുവൻ ഗ്രാന്റുകളുടെയും വിനിയോഗ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-5 പൊതു അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
361	28,79,68,740	209	17,09,45,649	49	152	160	44.32

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ശതമാനം
ഹെൽത്ത് ഓഫീസർ-	18	12	1,02,00,748	40,68,170	39.88
മെഡിക്കൽ ഓഫീസർ, ആയുർവേദം-	2	1	12,10,000	12,00,000	99.17
മെഡിക്കൽ ഓഫീസർ, ഹോമിയോ -	1	1	2,50,000	2,50,000	100
കൃഷി ഓഫീസർ-	7	7	43,96,248	25,67,098	58.39
സെക്രട്ടറി-	53	39	6,40,38,391	3,56,64,387	55.69
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി -	14	12	1,24,32,004	1,03,07,484	82.91
ഹെഡ് മാസ്റ്റർ, എൽ.പി.സ്കൂൾ-	1	1	50,000	50,000	100
ഹെഡ് മാസ്റ്റർ, യു.പി.സ്കൂൾ-	9	8	24,77,600	23,02,539	92.93
സീനിയർവെറ്റിനറി സർജ്ജൻ-	5	4	38,22,500	20,95,136	54.81
പ്രോജക്ട് ഓഫീസർ,	53	32	1,85,24,708	81,91,455	44.22

യു.പി.എ -					
മുനിസിപ്പൽ എഞ്ചിനീയർ-	190	84	16,24,86,229	9,69,29,685	59.65
ഐ.സി.ഡി.എസ്. സൂപ്പർവൈസർ-	8	8	80,80,312	73,19,695	90.59
ആകെ	361	209	28,79,68,740	17,09,45,649	59.36

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി ലഭിച്ച ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
0	30300000	30300000	30300000	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	14030200	880
വിധവാപെൻഷൻ	32255900	2037
വാർദ്ധക്യകാലപെൻഷൻ	45631400	2914
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	7763800	466
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3693600	237
വിവാഹ ധനസഹായം	330000	11

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-01-2026 തീയതിയിൽ 11.15 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹48,972 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ, സ്റ്റാഫ് മീറ്റിങ്ങ് മിനുട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്ന കാര്യത്തിൽ കൂടുതൽശ്രദ്ധ പുലർത്തേണ്ടതുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, വാടക തുടങ്ങിയ ഇനങ്ങളിൽ കുടിശിക നിലനില്ക്കുന്നുണ്ട്. ആയത് സമയബന്ധിതമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വാർഡ്സഭ

നഗരസഭയിൽ 35 വാർഡുകളാണുള്ളത്. നഗരസഭയിലെ വാർഡുകളിൽ 2024-25 വർഷം 2 തവണ(8/2024,1/2025) വാർഡ്സഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 42 എ(3)-ൽ നിർദ്ദേശിച്ച പ്രകാരം മൂന്നു മാസത്തിലൊരിക്കൽ വാർഡ് സഭ ചേരാൻ ശ്രദ്ധിക്കേണ്ടതാണ്. 2024-25 വാർഷിക പദ്ധതി അവലോകനം, 2024-25 വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, മാലിന്യമുക്ത നവകേരളം പദ്ധതി വിശദീകരണം, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ടീമിന്റെ പുനസംഘടന, മാലിന്യമുക്ത നവകേരളം, വസ്തുനികുതി കുടിശിക നിവാരണം, 2025-26 വാർഷിക പദ്ധതി രൂപീകരണം, 2024-25 വാർഷിക പദ്ധതി അവലോകനം,അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി 2025-26 വർഷത്തെ ലേബർ ബഡ്ജറ്റും ആക്ഷഷൻ പ്ലാനും അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം. 86/2022/തസ്വഭവ, തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.3(6)-ൽ വാർഡ് സഭാ യോഗത്തിന്റെ തീരുമാനങ്ങൾ അപ്പോൾ തന്നെ എഴുതി തയ്യാറാക്കി വാർഡ്സഭാ കൺവീനർ, ഉദ്യോഗസ്ഥർ, വാർഡ് സഭയിൽ പങ്കെടുത്ത 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏൽപ്പിക്കേണ്ട ചുമതല വാർഡ്സഭാ കൺവീനറുടേതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് സഭാ മിനുട്സുകളിൽ വാർഡ് സഭയിൽ പങ്കെടുത്ത 15 പേർ ഒപ്പുവെച്ചിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ), ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, എന്നിവ പരിശോധിച്ചത് പ്രകാരം തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നത്/തൊഴിൽ നികുതി ഈടാക്കിയത് എന്നിവയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ 2024-25 പ്രകാരം താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്
61	ഡിസ്ട്രിക്ട് ഹോൾ സേൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
113	അഗ്രികൾച്ചറൽ കോപ്പറേറ്റീവ് സൊസൈറ്റി
127	ഉരുവച്ചാൽ ഫൈനാൻസ്
164	ലിൻക്സ് മാൾ
165	ഐ മാൾ
167	സൂം ഹൈപ്പർ മാർക്കറ്റ്
180	ബാലൻ നമ്പ്യാർ ആന്റ് സൺസ്
181	ഷോബിത വെഡിങ്ങ്
182	ഡ്രീംസ് മാർട്ട്
189	സൈൻസ് സെന്റർ
190	ബ്രൈറ്റർ കോച്ചിങ് സെന്റർ
191	ലസ്സാരോ അക്കാഡമി
-	കൈരളി അക്കാഡമി
195	ഗ്രാമകലം കമ്പ്യൂട്ടർ എഡ്യൂക്കേഷൻ
195	സ്റ്റിച്ച് ന്യൂ ബൊട്ടിക്ക്

2) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

ആറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും തൊഴിൽനികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവ് (സ.ഉ (സാധാ) നം 1149/2024/തസ്വഭവ തീയതി 27.06.2024) പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ ഒന്നു മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം പൂതുക്കിയ സ്ലാബ്പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

സ്ഥാപനം	പേര്	തസ്തിക	അർദ്ധ വർഷം	ആകെ അർദ്ധ വാർഷിക വരുമാനം (₹)	ഈടാക്കിയ തൊഴിൽ നികുതി/ രസീത് നമ്പർ (₹)	ഈടാക്കേണ്ട തൊഴിൽ നികുതി (₹)	കുറവ് വന്ന തുക (₹)
എസ്.ആർ ഫ്യൂവൽസ്	ശശിധരൻ	സെയിൽസ്മാൻ	2	63,288	600	750	150
	ടി.വി രാധാകൃഷ്ണൻ	സെയിൽസ്മാൻ	2	63,288	600	750	150
	ടി.കെ രജീഷ്	സെയിൽസ്മാൻ	2	63,288	600	750	150
	വിജേഷ് എ	സെയിൽസ്മാൻ	2	63,288	600	750	150
	സുധ സി	സെയിൽസ്മാൻ	2	63,288	600	750	150
	ഗീത പി	സെയിൽസ്മാൻ	2	63,288	600	750	150
	അശോകൻ എ.കെ	സെയിൽസ്മാൻ	2	63,288	600	750	150
	ഹരിപ്രസാദ് . സി	സെയിൽസ്മാൻ	2	63,288	600	750	150
	റീന . എം	സെയിൽസ്മാൻ	2	63,288	600	750	150
	ശശി സി.കെ	സെയിൽസ്മാൻ	2	63,288	600	750	150
	അനീഷ് എ.വി	സെയിൽസ്മാൻ	2	63,288	600	750	150
പവിത്ര ഗോൾഡ് ആന്റ് ഡയമഡ്	സി.എം നയിഫ്	മാനേജർ	2	47,000	600	750	150
	വി സജ്ന	സെയിൽസ്മാൻ	2	45,000	600	750	150
	പി. ജഫ്സീൽ	സെയിൽസ്മാൻ	2	45,000	600	750	150
ഫോർട്ട്യൂൺ അവന്യൂ	പ്രകാശൻ	-	2	48,000	600	750	150
						ആകെ-	2,250/-

3) വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ 2024-25 പ്രകാരം വനിത അറബിക്ക് കോളേജിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

4) അഭിഭാഷകർ, അഭിഭാഷകരുടെ ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, അഭിഭാഷകരുടെ ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും ഓരോ അർദ്ധ വർഷവും പരമാവധി 1250 രൂപ വരെ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

5).ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.
2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6) തൊഴിൽ നികുതി രജിസ്റ്ററുകളിൽ തൻവർഷത്തെ ആകെ ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
7) 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-14 ഷെഡ്യൂൾ പ്രകാരം PROFESSIONTAX-INSTITUTIONS/TRADERS/PROFESSIONALS ഇനത്തിൽ തൻവർഷം ₹2,95,305 യും, കുടിശ്ശിക ഇനത്തിൽ ₹6,08,531 യും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ആയത് പരിച്ചെടുക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/15.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതും ഖണ്ഡികയിലെ മറ്റ് അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

1-12 പാർപ്പിടത്തിന്റെ ഉപവിഭാഗം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

നഗരസഭയുടെ 15-07-2023 തീയതിയിലെ ആർ1-4382/23 നമ്പർ വിജ്ഞാപന പ്രകാരം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്റർ വരെ 9 രൂപയും 300 ച.മീ മുകളിലുള്ളവയ്ക്ക് 12 രൂപയും അടിസ്ഥാന വസ്തുനികുതിയായി നിശ്ചയിച്ചിട്ടുണ്ട്. 2024-25 കാലയളവിൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയലുകൾ കെസ്മാർട്ടിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത കെട്ടിടങ്ങൾ തെറ്റായ ഉപവിഭാഗത്തിൽ ഉൾപെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ/ ഡോർ നമ്പർ	കെട്ടിട ഉടമസ്ഥന്റെ പേര്	കെട്ടിട വിസ്തീർണം (ച.മീ)	കെ-സ്മാർട്ട് അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം
15/275A	സി.കെ സുജാത	303	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ 300 ച.മീ വരെയുള്ളവ
9/308A	അബ്ദുൾ റസാക്ക് വാണിയൻകുണ്ടിൽ	305.29	,,
32/33A	യു.ബി സ്നേഹരാജ്	361.22	,,

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/23.01.2026) മറുപടിയായി വസ്തു നികുതി ഈടാക്കാൻ കുറവ് വന്ന കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും കുറവ വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-13 വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ കുറവുള്ള സിനിമാ ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തിയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.
മട്ടന്നൂർ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം സഹീന സിനിമാസ്, ഓറ സിനിമാസ് എന്നീ തിയ്യേറ്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. ലഭ്യമായ രേഖകൾ പ്രകാരം 2024 ഏപ്രിൽ മാസം മുതൽ അടിസ്ഥാന പ്രവേശന നിരക്ക് 100/- രൂപയായതിനാൽ 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്. അടിസ്ഥാന പ്രവേശന നിരക്കായ 100/- രൂപയുടെ 5% ആയ 5/- രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കി വരുന്നത്. തീയേറ്ററിൽ നിന്നും ലഭിക്കുന്ന പ്രതിമാസ ഡെയ്ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയാണ് വിനോദ നികുതിയായി ഈടാക്കി വരുന്നത്.
2024-25 സാമ്പത്തിക വർഷത്തിലെ വിനോദനികുതി വരവ് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
1. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയ്യതിക്ക്

മുൻപ് നഗരസഭയിൽ അടവാക്കേണ്ടതാണ്. എന്നാൽ ചില മാസങ്ങളിൽ വൈകിയാണ് നികുതി ഒടുക്കിയതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിനോദ നികുതി വൈകി അടവാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നുമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മാസം	സ്ഥാപനം	തുക/ രസീതിനം./ തീയതി	തുക അടവാക്കേണ്ട തീയതി
1	മെയ് 2024	സഹീന	1,43,250/R-M130100 24012277/25.11.2024	03.06.2024
		ഓറ	36,880/R-M130100-24012254/23.11.2024	03.06.2024
2	ജൂൺ 2024	സഹീന	61,315/R-M130100-24012295/25.11.2024	03.07.2024
		ഓറ	21,815/ R-M130100-24012257/23.11.2024	03.07.2024
3	ജൂലൈ 2024	സഹീന	26,180/ R-M130100-24012300/25.11.2024	03.08.2024
		ഓറ	7,290/ R-M130100-24012258/23.11.2024	03.08.2024
4	ഓഗസ്റ്റ് 2024	സഹീന	39,890/ R-M130100-24012303/25.11.2024	03.09.2024
		ഓറ	30,950/ R-M130100-24012259/23.11.2024	03.09.2024
5	സെപ്റ്റംബർ 2024	സഹീന	95,093/ R-M130100-24012308/25.11.2024	03.10.2024
		ഓറ	49,755/ R-M130100-24012261/23.11.2024	03.10.2024

3. വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തിയതായി രേഖകളില്ല.

4. തിയേറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനാനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടതെങ്കിലും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി കൃത്യത പരിശോധിക്കാതെ തിയേറ്റർ അധികൃതർ ലഭ്യമാക്കുന്ന ഡി സി ആറിൽ സൂചിപ്പിച്ചിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം കണക്കിലെടുത്ത് (ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് അനുസരിച്ചുള്ളത്) വിനോദനികുതി ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17.01.2026) മറുപടിയായി വിനോദ നികുതി വൈകി അടവാക്കിയ തിയേറ്റർ ഉടമകളിൽ നിന്നും വീഴ്ചവരുത്തിയ കാലയളവിന് പിഴ ഈടാക്കുന്നതാണെന്നും വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തുന്നതിന് ജീവനക്കാരെ നിയമിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തീയേറ്റർ ചെക്കിംഗ് നടത്തുന്നതിന് ജീവനക്കാരെ നിയമിച്ച ഉത്തരവോ, പരിശോധന നടത്തിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-14 വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

1.മൊബൈൽ ടെലിഫോൺ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

നഗരസഭ പരിധിയിലുള്ള മൊബൈൽ ടെലിഫോൺ ടവറുകളുടെ നികുതി നിർണയം സംബന്ധിച്ച് കെ-സ്മാർട്ടിൽ പരിശോധിച്ചതിൽ താഴെ പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ നൽകുന്നു.

വാർഡ്നം./ കെട്ടിട നമ്പർ	മൊബൈൽ ടവറിന്റെ വിവരം	കുടിശ്ശിക കാലയളവ്	ഈടാക്കേണ്ട കുടിശ്ശിക തുക (₹)
30/23 A	റിലയൻസ് ഇൻഫൊകോം ലിമിറ്റഡ്	2021 -22	4,302
		2022-23	5,876
		2023-24	6,171
		2024-25	6,480
		ആകെ	22,829

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/22.01.2026) മറുപടിയായി പ്രസ്തുത മൊബൈൽ ടവറിന്റെ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ടെന്നും തുടർന്നും തുക അടവാക്കിയിട്ടിലെങ്കിൽ റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.കാരണം വ്യക്തമാക്കാതെ വസ്തു നികുതി കുടിശ്ശികയിൽ കുറവ് വരുത്തി.

വസ്തു നികുതി കുടിശ്ശിക രേഖപ്പെടുത്തുന്ന 4311002 - Receivables For Property Taxes (Arrears) എന്ന ലഡ്ജറിൽ Head Details എന്ന കോളത്തിൽ Tax Remission & Refund - Property Tax(General) എന്ന ഹെഡിൽ (ഹെഡ് കോഡ് 1109001) ജേർണൽ വൗച്ചർ J-M130100-25000425 വഴി ₹6,55,690, (ഹെഡ് കോഡ് 4315201) ജേർണൽ വൗച്ചർ J-M130100-25000457 വഴി ₹5,50,225 ഉൾപെടുത്തി ക്രെഡിറ്റ് ചെയ്ത് കുടിശ്ശിക ഇനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെ റിമാർക്സിൽ 'Excess Accrual Correction In Property Tax Arrear = ₹6,55,690, Revenue Recovery = ₹5,50225', എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജേർണൽ വൗച്ചറിൽ നിന്നും മേൽ തുകയായ ₹12,05,915 രൂപ ഒഴിവാക്കിയതിന്റെ കൃത്യത ഉറപ്പിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-15 വാടക-കടമുറികൾ വാടകക്ക് നൽകുന്നതിലും വാടക പിരിച്ചെടുക്കുന്നതിലുമുള്ള അപാകങ്ങൾ

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും, നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കാർ അംഗീകാരം ലഭിച്ച ബൈലോ ലഭ്യമാക്കിയിട്ടില്ല.
2) നഗരസഭയിൽ വാടക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഓരോ വാടക കെട്ടിടത്തിന്റെയും വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല..
3) നഗരസഭയിലെ ബസ് സ്റ്റാൻഡ് കോംപ്ലക്സ്, മാർക്കറ്റ് കോംപ്ലക്സ് എന്നിവിടങ്ങളിലെ വാടകയ്ക്ക് കൊടുത്ത മുറികളിൽ നിന്നും 2024-25 വർഷം മുഴുവൻ വാടകയും ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു

ക്രമ നം	കെട്ടിട നമ്പർ	വാടകക്കാരൻ	മാസ വാടക (₹)	കുടിശ്ശിക വരുത്തിയ കാലയളവ്
പഴയ ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ്-അമ്പലം റോഡ്				
1	7/1371	നിമിഷ രമേശൻ 28/987	4,896	09/2024 മുതൽ 03/2025 വരെ
2	7/1372	സി. ബിജു	6,228	04/2024 മുതൽ 03/2025 വരെ
മിനി സ്റ്റേഡിയം കോപ്ലക്സ്				
3	4/67 ബി	സപ്ലൈക്കോ 30/539,540,541,542,543,544	20,391	04/2024 മുതൽ 12/2024 വരെ
			23,451	01/2025 മുതൽ 03/2025 വരെ
ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിങ് കോപ്ലക്സ്				
4	29/1158 എ15,എ16	ഷഹവീൽ പി.പി 29/1156,29/1158	6,825	04/2024 മുതൽ 03/2025 വരെ
5	29/1158 എ8,എ13	സുകേഷിനി എൻ പി	6,000	08/2024 മുതൽ 03/2025 വരെ

4) കടമുറികൾ വാടകയ്ക്ക് നൽകിയ ചുവടെ കൊടുത്ത ഗുണഭോക്താക്കളിൽ നിന്നും സമയബന്ധിതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

വാടകക്കാരൻ/ റൂം നം, ഡോർ നമ്പർ	ഈടാക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് (വാടക രജിസ്റ്റർ പ്രകാരം) (₹)	ഈടാക്കിയത് (₹)	ഈടാക്കാൻ ബാക്കിയുള്ളത് (₹)
ജിഷമോൾ രവി 29/1158 B10	1,00,000	30,000	70,000
ജിഷമോൾ രവി 29/1158 B12	1,25,000	40,000	85,000

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 11/15.01.2026) മറുപടിയായി നഗരസഭയുടെ

ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, മുറികളും വാടകയ്ക്ക് നൽകുന്നതുമായി ബന്ധപെട്ട ബൈലോ സർക്കാർ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും, വാടക ഡിമാൻഡ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നതാണെന്നും, ഈടാക്കാൻ ബാക്കിയുള്ള കടമുറികളുടെ വാടക കുടിശ്ശികയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ചതിന്റെയും വാടക കുടിശ്ശിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-16 എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പർ ,പേര്	9/25 എ.ബി.സി. പ്രോഗ്രാം
അടങ്കൽ	₹1,00,000 (വികസന ഫണ്ട്)
ചെലവ്	₹1,00,000 ബിൽ നമ്പർ: 228/20-12-2024

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 16/16-1-2026 നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ഐ കെ എം വിഹിതം- വിനിയോഗ വിവരം ലഭ്യമല്ല. ₹5,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ / പേര്	1/24 ഐ കെ എം വിഹിതം
അടങ്കൽ	₹5,00,000 വികസനഫണ്ട് - പൊതുവിഭാഗം
ചെലവ്	₹5,00,000 ബിൽ നമ്പർ : 310/7-3-2025

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം 2024-25 സാമ്പത്തിക വർഷം ₹5,00,000 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 17/16-01-2026 നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ.കെ.എം-ന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പട്ടികജാതി വനിതകൾക്ക് കോഴിയും കൂടും - സബ്സിഡി അനുവദിച്ചത് - ₹2,05,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	187/25 പട്ടികജാതി വനിതകൾക്ക് കോഴിയും കൂടും

	(സ്പിൽ ഓവർ)
അടങ്കൽ	₹2,05,000 വികസനഫണ്ട് -എസ് സി പി
ചെലവ്	₹2,05,000 BRN : 24220147001801642734/ 22.03.2025

ശാരീരിക ബുദ്ധിമുട്ടുകൾ കാരണം ഉപജീവനം സാധ്യമാകാത്ത പട്ടികജാതി വനിതകൾക്ക് കോഴിവളർത്തൽ കൃഷിയിലൂടെ വരുമാനവും ഉപജീവനവും സാധ്യമാക്കുന്നതിന് തയ്യാറാക്കിയതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി 10 വനിതകൾക്ക് കോഴിയും കൂടും (1 ഹൈടെക് കൂടും 24 കോഴികളും) ഒരുക്കിയ വകയിൽ 'Blue Rise Farm' എന്ന സ്ഥാപനത്തിന് ₹2,05,000 (20500 X 10) അനുവദിച്ചിട്ടുണ്ട്. 1 ഹൈടെക് കൂടും 24 കോഴികളെയും കൈപ്പറ്റിയതായുള്ള 10 പേരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ ആസൂത്രണസമിതിയുടെ നം. 707/2022/ഡി പി സി/ഡിപി ഒ/ കെ എൻ ആർ തീയതി 14.8.23 പ്രകാരം, മുട്ടക്കോഴികൾ ഉൾപ്പെടെയുള്ള കൂടിന് വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും (കൂട് ഉൾപ്പെടെ 5 മുട്ടക്കോഴികളുടെ 1 യൂണിറ്റിന് ₹ 10000), സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഉത്തരവ് ഖണ്ഡിക 6.3.25(ബി) പ്രകാരം, കൂട് ഉൾപ്പെടെ 5 കോഴികുഞ്ഞുങ്ങളുടെ 1 യൂണിറ്റിന് പരമാവധി ₹1100 യാണ് സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ പ്രകാരം 5 കോഴികുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള കൂടിന് അനുവദനീയമായ പരമാവധി സബ്സിഡി തുക ₹1100 ആണെന്നിരിക്കെ 24 കോഴികൾ ഉൾപ്പെടുന്ന ഒരു കൂടിന് ₹20,500 സബ്സിഡി അനുവദിച്ചതിന് ആധാരമാക്കിയ ഉത്തരവ് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (8/15.01.2026) നൽകിയതിന് മറുപടിയായി, 707/2022/ഡി പി സി/ഡിപി ഒ/ കെ എൻ ആർ തീയതി 14.8.23 ഉത്തരവ് പ്രകാരമാണ് കോഴിയും കൂടും നൽകിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം, 5 കോഴികുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള കൂടിനാണ് സബ്സിഡി തുക നിശ്ചയിച്ചിട്ടുള്ളത്. ആയത് 1100 രൂപയായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ മറുപടി തൃപ്തികരമല്ല. ഇക്കാരണത്താൽ ₹2,05,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വായനശാല, സ്കൂളുകൾക്ക് പത്രം- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	8/25, വായനശാല സ്കൂളുകൾക്ക് പത്രം
അടങ്കൽ	₹ 3,04,000 (വികസന ഫണ്ട്)
ചെലവ്	₹2,84,610 ബിൽ നമ്പർ 366/16-03-2025

വായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നഗരസഭ പരിധിയിലുള്ള വായനശാലകൾക്കും സ്കൂളുകൾക്കും അംഗൻവാടികൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും സൌജന്യമായി പത്രം വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. 2024-25 വർഷം മേൽ പ്രൊജക്ട് പ്രകാരം നഗരസഭ പരിധിയിലുള്ള 27 വായനശാല/ ഗ്രന്ഥാലയങ്ങൾ, 4 ക്ലബ്ബുകൾ, 3 സാംസ്കാരിക സ്ഥാപനങ്ങൾ, 29 അംഗൻവാടികൾ, 4 സ്കൂളുകൾ, നഗരസഭ ലൈബ്രറി എന്നീ സ്ഥാപനങ്ങൾക്ക് സൗജന്യമായി പത്രം വിതണം ചെയ്തതിന് ₹2,84,610 ചെലവഴിച്ചിട്ടുണ്ട്. വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും നടത്തിപ്പും പ്രോത്സാഹനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയായതിനാൽ വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രോത്സാഹനത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ''സി'' ഗ്രേഡും അതിന് മുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും ''സി'' ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രം വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകുന്നതിന് സ.ഉ.(സാധാ) നമ്പർ 1040/2023/ എൽ.എസ്.ജി.ഡി. തീയതി 15.05.2023 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.മേൽ സർക്കാർ ഉത്തരവിൽ പത്രം വിതരണം ചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ചാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ''സി'' ഗ്രേഡും അതിന് മുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും ''സി'' ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രം വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൗജന്യമായി പത്രം അനുവദിച്ച

ചുവടെ ചേർത്ത വായനശാലകൾ ഇപ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ളതാണോയെന്ന് വ്യക്തമാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
(1)രക്തസാക്ഷി സ്മാരക വായനശാല, അയ്യല്ലൂർ
(2) അനശ്വര കലാകായിക വേദിയും വായനശാലയും, കീച്ചേരി
(3)എംവികെ നമ്പീശൻ സ്മാരക വായനശാല, ഗ്രന്ഥാലയം, കല്ലൂർ
(4)നവോദയ ഗ്രന്ഥാലയം & വായനശാല, കാര
(5)ശ്രീനാരായണ വായനശാല, പാറേക്കാട്
3. സാംസ്കാരിക സ്ഥാപനങ്ങൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് സൗജന്യ പത്രവിതരണം നടത്തിയതിത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 18/16-1-2026 നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമില്ലാത്ത വായനശാലകൾക്ക് തുടർന്നുള്ള വർഷങ്ങളിൽ സൌജന്യമായി പത്രം അനുവദിക്കുന്നതല്ലെന്നും അപാകങ്ങൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തനത് ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 എസ് സി കിണർ റിപ്പയർ - അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	192/25 എസ് സി കിണർ റിപ്പയർ (സ്പിൽ ഓവർ)
അടങ്കൽ	₹72,000 വികസനഫണ്ട് -എസ് സി പി
ചെലവ്	₹40,000 (₹24,000 ബിൽ നം.101/30.08.2024 ₹16,000 ബിൽ നം.351/14.03.2025)

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് കിണർ റിപ്പയർ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് തയ്യാറാക്കിയതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി ശ്രീ.മോഹനൻ. കെ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No.- 42562250004948, IFSC CNRB0014256) ബിൽ നം.101/30.08.2024 പ്രകാരം ₹24,000 നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ലെ ഖണ്ഡിക 6.6.4 പ്രകാരം, തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകൾ ആക്കി മാറ്റുന്നതിന് പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിട്ടുള്ള പരമാവധി സബ്സിഡി തുക 16,000 രൂപയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി സബ്സിഡി തുകയേക്കാൾ ₹8,000 അധികം ശ്രീ.മോഹനൻകെ.കെ. എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച് ഓഡിറ്റ് എൻകയറി (24/19.01.2026) നൽകിയതിന് മറുപടിയായി, ₹8,000 അധികമായി അനുവദിച്ചിട്ടുണ്ടെന്നും ശ്രീ. മോഹനന്റെ മകന്റെ ഭവന നവീകരണത്തിനായി സബ്സിഡി അനുവദിക്കുന്നതിൽ നിന്നും അധികം നൽകിയ തുക കുറവ് ചെയ്യാൻ സാധിക്കുന്നതാണെങ്കിൽ കുറവ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

1-21 ബാലസഭ അംഗങ്ങൾക്ക് കലാകായിക പരിപോഷണം -രേഖകൾ ലഭ്യമാക്കിയില്ല. ₹ 13,080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	151/25 ബാലസഭ അംഗങ്ങൾക്ക് കലാകായിക പരിപോഷണം (സ്പിൽ ഓവർ)
അടങ്കൽ	₹63,080 വികസനഫണ്ട് പൊതുവിഭാഗം
ചെലവ് / ബിൽ നമ്പർ (എ സി ആർ പ്രകാരം)	₹62,743 (₹ 49,663 ബിൽ നം. 12/09.05.2024 ₹ 13,080 ബിൽ നം. 13/09.05.2024)

ബാലസഭ അംഗങ്ങൾക്ക് കലാകായിക പരിപോഷണം പദ്ധതിയുടെ ഭാഗമായി ബിൽ നം. 13/09.05.2024 പ്രകാരം, ₹

13,080 Laljan Printing Solutions എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (A/C N0. 7447240321, IFSC – IDIB000M389) നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.
1)ചിത്രതാര ലൈറ്റ് & സൗണ്ട് എന്ന സ്ഥാപനത്തിൽ നിന്നും ബാനർ വാങ്ങിയിട്ടുള്ളതിന്റെ ₹14,000 യുടെ വൗച്ചറാണ് (നം.250/05.03.2024) മേൽ ബില്ലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ചിത്രതാര ലൈറ്റ് & സൗണ്ട് എന്ന സ്ഥാപനത്തിന് അനുവദിക്കേണ്ടിയിരുന്ന തുക Laljan Printing Solutions എന്ന സ്ഥാപനത്തിന് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.
2)ബാനർ വാങ്ങുന്നതിന് ചിത്രതാര ലൈറ്റ് & സൗണ്ട് എന്ന സ്ഥാപനത്തിനെ തെരെഞ്ഞെടുത്തത് സംബന്ധിച്ച വാങ്ങൽ നടപടിക്രമങ്ങളുടെ രേഖകൾ ലഭ്യമാക്കിയില്ല.
3)ചിത്രതാര ലൈറ്റ് & സൗണ്ട് എന്ന സ്ഥാപനത്തിന്റെ ബാങ്ക് പാസ്സ്ബുക്ക് പകർപ്പ്, സ്ഥാപനത്തിന് തുക ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (34/20.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹ 13,080 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 വനിതകളുടെ ഹരിത പ്രോട്ടോക്കോൾ പരിപാലന യൂണിറ്റ് -രേഖകൾ ലഭ്യമാക്കിയില്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	162/25 വനിതകളുടെ ഹരിത പ്രോട്ടോക്കോൾ പരിപാലന യൂണിറ്റ് (സ്പിൽ ഓവർ)
അടങ്കൽ ₹ 16,00,000	₹8,00,000 (വികസനഫണ്ട് പൊതുവിഭാഗം) ₹8,00,000 മറ്റുള്ളവ
ചെലവ് / ബിൽ നമ്പർ (എ സി ആർ പ്രകാരം)	₹2,00,000 (ബിൽ നം. 18/09.05.2024)

വനിതകളുടെ ഹരിത പ്രോട്ടോക്കോൾ പരിപാലന യൂണിറ്റ് പ്രോജക്ട് പ്രകാരം 'വർണ്ണം കാറ്ററിംഗ് ഗ്രൂപ്പ്' എന്ന സംരംഭത്തിന് ₹2,00,000 ധനസഹായം അനുവദിച്ചിട്ടുണ്ട്. വർണ്ണം കാറ്ററിംഗ് കുടുംബശ്രീ യൂണിറ്റിന് 4,00,000 രൂപ വായ്പ നൽകിയിട്ടുണ്ടെന്ന കോളാരി സർവ്വീസ് സഹകരണ ബാങ്ക് മാനേജരുടെ 27.03.2024 ലെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.
1)പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി ധനസഹായം എന്നിവ സംബന്ധിച്ച മാർഗരേഖ [സ.ഉ (കൈ) നം. 115/2022 തസ്വഭവ തീ. 28.5.2022 ഖണ്ഡിക 6.5.2 എ, ക്രമ നമ്പർ 4] പ്രകാരം സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ്) സംരംഭങ്ങൾക്ക് 75% തുകയോ പരമാവധി 3,75,000 രൂപയോ ആണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ചെലവിന് അടിസ്ഥാനമായ രേഖകൾ, പ്രോജക്ട് റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2) സംരംഭം പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.
അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (26/19.01.2026) നൽകിയതിന് മറുപടിയായി, പ്രോജക്ട് കോസ്റ്റിന്റെ 75% സബ്സിഡി അനുവദിക്കാമെന്നതിനാലാണ് ₹2,00,000 നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സബ്സിഡി അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ ചെലവ് രേഖകൾ സംരംഭം പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ഭിന്നശേഷി കുട്ടികളുടെ കലാമേള - അധികം തുക ചെലവഴിച്ചു - ₹ 23,180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	446/25 ഭിന്നശേഷി കുട്ടികളുടെ കലാമേള
അടങ്കൽ	₹1,00,000 വികസനഫണ്ട് –പൊതുവിഭാഗം
ചെലവ്	₹98,180 BRN : 24220147001801517509 / 12.03.2025

ഭിന്നശേഷി കുട്ടികളുടെ കലാമേള നടത്തിയതിനായി മേൽ ബിൽ പ്രകാരം ₹98,180 ചെലവഴിച്ചിട്ടുണ്ട്. കലാമേള

നടത്തുന്നതിനാവശ്യമായ സ്റ്റേജ്, ലൈറ്റ് & സൗണ്ട്, ഭക്ഷണം, വസ്ത്രം, സമ്മാനം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ന്റെ ഖണ്ഡിക 7.1.13(1) പ്രകാരം, ഭിന്നശേഷി കുട്ടികളുടെ കലാ കായിക മത്സരങ്ങൾക്കായി, ഭക്ഷണം, സമ്മാനം, യാത്രാച്ചെലവുകൾ, മറ്റ് ചെലവുകൾ ഉൾപ്പെടെ പരമാവധി ₹75,000 ചെലവഴിക്കാവുന്നതാണ്. പരമാവധി ചെലവഴിക്കാവുന്ന ₹75,000 യേക്കാൾ ₹23,180 അധികം ചെലവഴിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി (12/15.01.2026) നൽകിയതിന് മറുപടിയായി, കലാമേള മാറ്റിവെക്കുകയും പിന്നീട് മറ്റൊരു തീയതിയിൽ നടത്തുകയും ചെയ്തതിനാലാണ് അധിക തുക വന്നിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, കലാമേള മാറ്റിവെച്ചത് കാരണം അധിക ചെലവ് വന്നിട്ടില്ല. ആയതിനാൽ മറുപടി തൃപ്തികരമല്ല. അധികം അനുവദിച്ച ₹ 23,180 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഹാപ്പിനെസ്സ് ഫെസ്റ്റ്- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. ₹155275 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	361/25, ഹാപ്പിനെസ്സ് ഫെസ്റ്റ്
അടങ്കൽ	₹5,00,000 (വികസന ഫണ്ട്)
ചെലവ്	₹3,09,475 ബിൽ നമ്പർ 435/25-03-2025

നഗരസഭ പരിധിയിലെ അംഗൻവാടി കുട്ടികൾ മുതൽ വയോജനങ്ങൾ വരെയുള്ള മുഴുവനാളുകൾക്കും മാനസികോല്ലാസം നൽകുന്നതിനോടൊപ്പം നഗരസഭ പരിധിയിലെ എല്ലാ വിഭാഗം ആളുകൾക്കും തങ്ങളുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായാണ് ഹാപ്പിനെസ്സ് ഫെസ്റ്റ് എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പ് ചുമതലയുള്ള പ്രോജക്ട് ഓഫീസർ സമർപ്പിച്ച ₹4,99,994 യുടെ വൌച്ചറുകളുടെ അടിസ്ഥാനത്തിൽ മേൽ ബില്ല് പ്രകാരം ₹2,47,500 നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്കും ₹61,975 അംഗൻവാടി കലോത്സവത്തിന് മൊമെന്റോ തയ്യാറാക്കിയതിനും ഹാപ്പിനെസ്സ് ഫെസ്റ്റിന് ബാനർ, മെയിൻ ഗേറ്റ് എന്നിവ ഒരുക്കിയതിന്റെയും ചെലവായി ശ്രീ. പിപി ഷാജി എന്നവർക്കും അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്ന് അഡ്വാൻസായി അനുവദിച്ച ₹3,50,000 യിൽ ₹2,47,500 യാണ് തൻ വർഷം മേൽ ബില്ലുകൾ പ്രകാരം ക്രമീകരിച്ചിട്ടുള്ളത്. ₹ 3,09,475 പരിപാടിയുടെ ഭാഗമായി ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവ് തുക (₹)	കുറിപ്പ്
1	അംഗൻവാടി കലോത്സവം	35,275	ശ്രീ പിപി ഷാജി എന്നവർക്ക് അനുവദിച്ചു
2	ബാനർ, മെയിൻ ഗേറ്റ്,	26,700	
3	ഡ്രീം മ്യൂസിക് ബാന്റ്	44,000	തനത് ഫണ്ടിലേക്ക് റീഫണ്ട് ചെയ്തു
4	കുടുംബശ്രീ ജനകീയ ഹോട്ടൽ	90,000	
5	ടി എ & ഡി എ (ഒഫീഷ്യൽസ്, ഗസ്റ്റ്)	50,000	
6	പല്ലവി രതീഷ് (ഗാനമേള)	56,000	
7	വർണ്ണം കാറ്ററിംഗ് യൂണിറ്റ് (പ്ലേറ്റ് വാടക)	4,000	
8	അനൌൺസ്മെന്റ്	3,500	
		3,09,475	

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം 115/2022/തസ്വഭവ തീയതി 28-5-2022 അദ്ധ്യായം 7.7 പ്രകാരം കലാ- സാംസ്കാരിക – കായിക വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പരിപാടികൾ സംഘടിപ്പിച്ചതിനും തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾക്ക് നൽകിയ 33/ 20-1-2026 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന് ശേഷം നിലനിൽക്കുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 18.02.2025 ലെ സ.ഉ (സാധാ) നം. 496/2025/LSGD പ്രകാരം അങ്കണവാടി കുട്ടികളുടെ കായിക കലാമത്സരങ്ങൾ നടത്തുന്നതിന് ഓരോ വർഷവും ചെലവഴിക്കാവുന്ന തുക ₹30,000 യായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം അങ്കണവാടി കുട്ടികളുടെ കലാമേള നടത്തിപ്പിനായി ₹35,275 യാണ് ചെലവഴിച്ചിട്ടുള്ളത്.

2. പരിപാടിയുടെ ഭാഗമായി 25-12-2024 ന് ഗാനമേള നടത്തിയതിന് ഡ്രീം മ്യൂസിക് ബാന്റിന് ₹44,000 യും 25-1-2025 ന് ഗാനമേള നടത്തിയതിന് പല്ലവി രതീഷ് ആന്റ് പാർട്ടിക്ക് ₹56,000 യും അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പരിപാടികൾ സംഘടിപ്പിച്ച ഇപ്രകാരം വികസനഫണ്ട് ചെലവഴിച്ചതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടില്ല.

3.പരിപാടിയുടെ ഭാഗമായി പങ്കെടുത്ത വിശിഷ്ടാതിഥികളായ സിനിമാ താരം നിഹാരികക്ക് ₹6000 യും, സിനിമാതാരം കുഞ്ഞികൃഷ്ണൻ മാസ്റ്റർക്ക് ₹7500 രൂപയും, നൃത്ത സന്ധ്യ അവതരിപ്പിച്ചതിന് പ്രൊഫസർ സുനിത നായർക്ക് 10000 രൂപയും സംഘനൃത്തം അവതരിപ്പിച്ച മട്ടന്നൂർ ഹയർസെക്കന്ററി സ്കൂൾ കുട്ടികൾക്ക് 20000 രൂപയും അരങ്ങ് ജഡ്ജസിന് 4500 രൂപയും ടി.കെ.ഡി. മുഴപ്പിലങ്ങാടിന് 2000 രൂപയും ഉൾപ്പെടെ ആകെ ₹50,000 അനുവദിച്ചിട്ടുണ്ട്. തുക വ്യക്തികളുടെ അക്കൗണ്ടിലേക്കല്ല അനുവദിച്ചിട്ടുള്ളത്. തുക കൈപ്പറ്റിയതിന്റെ രസീത് വാങ്ങി സൂക്ഷിച്ചിട്ടുമില്ല. ജി ഒ(പി) നം 177/2006/ ഫിൻ തീയതി 12.4.2006 ഉത്തരവ് പ്രകാരം വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ 1000 രൂപയ്ക്ക് താഴെയുള്ള തുക മാത്രമാണ് പണമായി നേരിട്ട് അനുവദിക്കാവുന്നത്.

5. ഹാപ്പിനെസ്സ് ഫെസ്റ്റ് (മാനവം 2024) ന്റെ ഭാഗമായി പ്രൊജക്ട് ഓഫീസർ നടപ്പാക്കിയ പ്രൊജക്ട് നം 418/25, പ്രൊജക്ട് നം 446/25, പ്രകാരവും തുക ചെലവഴിച്ചിട്ടുണ്ട്. ഹാപ്പിനെസ്സ് ഫെസ്റ്റ് എന്ന പരിപാടിക്കായി തൻ വർഷം ആകെ എത്ര തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സബ്സിഡി അനുവദിക്കുമ്പോൾ 28-5-2022 ലെ സ ഉ (കൈ) 115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗരേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്. പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളുവെന്നും ഖണ്ഡിക 5 ൽ വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ചെലവുകൾക്ക് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങളാൽ 155275 (44000+56000+50000+5275) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ആർട്സ് ആന്റ് ഗെയിംസ് ഫെസ്റ്റിവൽ- രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹108100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	158/25, ആർട്സ് ആന്റ് ഗെയിംസ് ഫെസ്റ്റിവൽ
അടങ്കൽ	₹ 4,50,000 (വികസന ഫണ്ട്)
ചെലവ്	₹3,00,000 ബിൽ നമ്പർ 6/9-05-2024 ₹1,03,760 ബിൽ നമ്പർ 8/9-05-2024 ₹28,600 ബിൽ നമ്പർ 5/9-05-2024 ആകെ: ₹ 4,32,360

നഗരസഭയിലെ കുട്ടികൾ, ഭിന്നശേഷിക്കാർ, യുവജനങ്ങൾ, വനിതകൾ, വയോജനങ്ങൾ എന്നിവരുടെ സർഗാത്മക ശേഷി വികസനത്തിനും, കായിക പ്രോത്സാഹനം നൽകുന്നതിനുമായി നടപ്പാക്കിയ ആർട്സ് ആന്റ് ഗെയിംസ് ഫെസ്റ്റിവെൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി പ്രൊജക്ടിന്റെ നടത്തിപ്പ് ചുമതലയുള്ള പ്രൊജക്ട് ഓഫീസർ സമർപ്പിച്ച ₹4,32,360 യുടെ വൌച്ചറുകളുടെ അടിസ്ഥാനത്തിൽ പ്രൊജക്ട് നടത്തിപ്പിനായി മുൻകൂറായി അനുവദിച്ച ₹3,00,000 മേൽ ബില്ല് പ്രകാരം നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടിലേക്കും ₹1,32,360 ഗെയിം ഫെസ്റ്റിന് പന്തൽ ഒരുക്കൽ, മൊമെന്റോ, പ്രിന്റിംഗ് ചാർജ്, ഭക്ഷണ വിതരണം എന്നീ ഇനങ്ങളിലുള്ള ചെലവ് തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്കും അനുവദിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം 115/2022/തസ്വഭവ തീയതി 28-5-2022 അദ്ധ്യായം 7.7 പ്രകാരം കലാ- സാംസ്കാരിക – കായിക വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പരിപാടികൾ

സംഘടിപ്പിച്ചതിനും തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2024 ഫെബ്രുവരി 10, 11 തീയതികളിലായി നടത്തിയ ഗെയിം ഫെസ്റ്റിന്റെ ഭാഗമായുള്ള പന്തൽ ഒരുക്കൽ, അനൌൺസ്മെന്റ് എന്നീ ചെലവ് ഇനത്തിൽ ₹52,100 ചിത്രതാര ലൈറ്റ് ആന്റ് സൌണ്ട് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിനെ തിരഞ്ഞെടുക്കുന്നതിനായി ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. പരിപാടിയുടെ ഭാഗമായി കണ്ണൂർ നിസരി ഓർക്കസ്ട്രയുടെ മാപ്പിളപ്പാട്ട് ഗാനമേള നടത്തിയതിന് ₹28,000 യും പുന്നാട് പൊലികയുടെ നാടൻപാട്ട് ഗാനമേള നടത്തിയതിന് ₹28,000 യും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം വികസനഫണ്ട് ചെലവഴിച്ച് ഗാനമേള നടത്തുന്നതിനായി സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടോ എന്നും തുക അക്കൌണ്ടിലേക്കാണോ നൽകിയതെന്നും വ്യക്തമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 42/23-1-2024 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിപാടിയുടെ ഭാഗമായി ഗാനമേള നടത്തുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായിട്ടില്ലെന്നും തുക പണമായി നേരിട്ട് അനുവദിക്കുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. ഗെയിം ഫെസ്റ്റിന്റെ ഭാഗമായുള്ള പന്തൽ ഒരുക്കൽ, അനൌൺസ്മെന്റ് എന്നീ ചെലവ് ഇനത്തിൽ ചിത്രതാര ലൈറ്റ് ആന്റ് സൌണ്ട് എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുത്തതിന്റെ ക്വട്ടേഷൻ രേഖകൾ ഹാജരാക്കുന്നതായി മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. 2024 ജനുവരി 27, 28 തീയതികളിലായി നടത്തിയ ആർട് ഫെസ്റ്റിന്റെ ഭാഗമായി പന്തൽ ഒരുക്കിയതിന് ചിത്രതാര ലൈറ്റ് ആന്റ് സൌണ്ട് എന്ന സ്ഥാപനത്തിന്റെ 94950 രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയത് പ്രകാരം 94950 രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുമുണ്ട്. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സബ്സിഡി അനുവദിക്കുമ്പോൾ 28-5-2022 ലെ സ ഉ (കൈ) 115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗരേഖ നിബന്ധനകൾ പാലിക്കേണ്ടതാണ്. പ്രസ്തുത മാർഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളുവെന്നും ഖണ്ഡിക 5 ൽ വ്യക്തമാക്കിയിട്ടുണ്ട്. ജി ഒ(പി) നം 177/2016/ഫിൻ തീയതി 12.4.2006 ഉത്തരവ് പ്രകാരം വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ 1000 രൂപയ്ക്ക് താഴെയുള്ള തുക മാത്രമാണ് പണമായി നേരിട്ട് അനുവദിക്കാവുന്നത്. മേൽ അപാകങ്ങളാൽ ₹108100 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-26 തെരുവ് വിളക്കിന് വൈദ്യുതി ചാർജ്ജ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ സ്ഥാപനം ഒടുക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റെ വൌച്ചർ പരിശോധിച്ചതിൽ പ്രതിമാസം ₹1,62,452 യോളം മട്ടന്നൂർ കെ എസ് ഇ ബി സെക്ഷനിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ 136/25 പ്രൊജക്ട് പ്രകാരം 179 സി എഫ് എൽ, 319 ബൾബ്, 24 സോഡിയം വേപ്പർ ലാമ്പ്, 807 എൽ ഇ ഡി, 53 എൽ ഇ ഡി സെറ്റ്, 4 ഹൈമാസ്റ്റ് ലൈറ്റ്, 5 മിനി മാസ്റ്റ് ലൈറ്റ് എന്നിവയ്ക്കാണ് എ എം സി നൽകിയിട്ടുള്ളത്. നഗരസഭ പരിധിയിലുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടേയും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ് ഒടുക്കി വരുന്ന തെരുവ് വിളക്കുകളുടെയും വിശദവിവരം, മീറ്റർ സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ്ജ് അടവാക്കുന്ന തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി തെരുവ് വിളക്കുകൾക്കുള്ള ചാർജ്ജ് നിർണ്ണയം നടത്തിയതിന്റെ രേഖകൾ, നഗരസഭ കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട്, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 39/22-1-2026 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വൈദ്യുത ചാർജ്ജിനത്തിൽ അധികം തുക അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള ആവർത്തന ചെലവിൽ കുറവ് വരുത്തുന്നതിനായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്.

1-27 പൊതു ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നഗരസഭ പരിധിയിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2024-25 വർഷം പ്രതിമാസം ₹1,58,333 നിരക്കിൽ 87 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. 87 ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 36 /22-1-2026 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നതെന്ന്

ഉറപ്പു വരുത്താനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-28 മരണ ശേഷവും ഗുണഭോക്താക്കൾക്ക് പെൻഷൻ തുക അനുവദിച്ചു.

2024-25 സാമ്പത്തിക വർഷം ഈ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റി വന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	പേര്	പെൻഷൻ ഐഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	റിമാർക്സ്
1	രാമചന്ദ്രൻ വി കെ	102170200714	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	12.01.2025	2025 ജൂലൈ വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
2	കുഞ്ഞമ്മദ്	102170200303	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	01.11.2024	2025 ജൂലൈ വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്

ഇവരിൽ നിന്നും തുക തിരികെ ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

1-29 എസ്.എസ്.കെ വിഹിതം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
പ്രോജക്ട് നമ്പർ, പേര്	58/25, എസ്.എസ്.കെ വിഹിതം
അടങ്കൽ	₹15,00,000-വികസന ഫണ്ട് ജനറൽ
ചെലവ്	₹15,00,000-വികസന ഫണ്ട് ജനറൽ തുക/ ബിൽ നമ്പർ

ഗഡു	സാങ്ഷൻ ഓർഡർ നമ്പർ	ഓർഡർ തീയതി	ബിൽ നമ്പർ	ബിൽ തീയതി	തുക (₹)
I	Order No. 4/2024	20-Dec-2024	TR 59(E) 24220147002301072563	20-12-2024	5,00,000
II	Order No. 5/2024-25	11-Mar-2025	TR 59(E) 24220147002301507440	12-03-2025	10,00,000
Total					15,00,000

മട്ടന്നൂർ നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതി വിഹിതം നൽകിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ അധികാര വികേന്ദ്രീകരണ നയപ്രകാരം, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിപാലന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ 40% 'സംസ്ഥാന വിഹിതം' (State Share) കണ്ടെത്തേണ്ടത് അതത് തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മട്ടന്നൂർ നഗരസഭയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ അക്കാദമിക്-ഭൗതിക നിലവാരം ഉയർത്തുക എന്നത്, അധികാര വികേന്ദ്രീകരണത്തിലൂടെ നഗരസഭയ്ക്ക് ലഭിച്ച നിയമപരമായ ഉത്തരവാദിത്തമാണ്. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം നഗരസഭയുടെ ബാധ്യത [സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ LSGI വിഹിതം നൽകുന്നതിൽ] താഴെ പറയുന്ന വിധമാണ്.

ക്രമ നമ്പർ	ഇനം	തുക (₹)
1	മുൻ വർഷങ്ങളിലെ കുടിശ്ശിക (Arrears B/F)	86,91,553

2	2024-25 വർഷത്തെ വിഹിതം	22,78,863
3	ആകെ നൽകേണ്ട ബാധ്യത (Total Liability)	1,09,70,416
4	2024-25 ൽ പദ്ധതി നമ്പർ 85/25 പ്രകാരം അടച്ച തുക	15,00,000
5	ബാക്കി നിൽക്കുന്ന കുടിശ്ശിക (Net Outstanding)	94,70,416

ആകെ ബാധ്യതയുടെ 79.2% തുകയും (₹86.91 ലക്ഷം) മുൻകാല കുടിശ്ശികയാണ്. 2024-25 വർഷം, നഗരസഭ താഴെ പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്

ഗഡു 1: 20/12/2024-ൽ ₹5,00,000 (ഓർഡർ നമ്പർ 4/2024)
ഗഡു2: 11/03/2025-ൽ ₹10,00,000 (ഓർഡർ നമ്പർ 5/2024-25)

2.ഭാഗികമായി നൽകിയ 15 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം അടിസ്ഥാനമാക്കി പദ്ധതി പുരോഗതി വിലയിരുത്തുന്നത് ഉചിതമല്ല. 94 ലക്ഷം രൂപയുടെ ഫണ്ട് കമ്മി, പദ്ധതിയുടെ ഗുണനിലവാരത്തെയും ലക്ഷ്യങ്ങളെയും എപ്രകാരം ബാധിച്ചു എന്നുള്ളത് വ്യക്തമല്ല.

3.സമഗ്ര ശിക്ഷാ കേരള (SSK) പദ്ധതിയുടെ സ്റ്റാറ്റ്യൂട്ടറി വിഹിതം മുഴുവനായും ഒടുക്കു വരുത്താത്ത നഗരസഭ, ഷെഡ്യൂൾ B12 (Investments): B/S കോഡ് നമ്പർ 4208001 പ്രകാരം 1,14,74,417 രൂപ (1.14 കോടി രൂപ) ഫിക്സഡ് ഡിപ്പോസിറ്റായി (Fixed Deposit) നഗരസഭയുടെ പേരിൽ യഥാർത്ഥത്തിൽ കൈവശം വെച്ചിരുന്നു എന്ന് നഗരസഭയുടെ 2024-25 ബാലൻസ് ഷീറ്റിൽ വ്യക്തമാണ്. ഷെഡ്യൂൾ B17 (Cash & Bank) പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 13.28 കോടി രൂപ (13,28,63,486രൂപ) നീക്കിയിരിപ്പും നഗരസഭക്ക് ഉണ്ടായിരുന്നു.

4.AFS-ലെ ഷെഡ്യൂൾ B8 (Other Liabilities) പരിശോധിച്ചപ്പോൾ, പെൻഷൻ ബാധ്യതകൾ മുതൽ കരാറുകാർക്ക് നൽകാനുള്ള തുകകൾ വരെ 63 ഇനങ്ങളിലായി 2.20 കോടി രൂപയുടെ ബാധ്യതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ, 94.70 ലക്ഷം രൂപയുടെ എസ്.എസ്.കെ ബാധ്യത ഈ പട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല.

5.ഷെഡ്യൂൾ B14-ൽ "Receivables From Government (Redemption Amount)" എന്ന പേരിൽ 7.04 കോടി രൂപ (7,04,75,665 രൂപ) രേഖപ്പെടുത്തിയിട്ടുണ്ട്.
ഇത് നഗരസഭയ്ക്ക് ചെലവഴിക്കാൻ കഴിയാതെ ട്രഷറി തിരിച്ചെടുത്ത (Resumed Funds) തനത് ഫണ്ട് തുകയാണ്. കൂടാതെ, 2023-24 ൽ മാത്രം 61.34 ലക്ഷം രൂപ (വികസന ഫണ്ട് ജനറൽ ഇനത്തിൽ) വിനിയോഗിക്കാതെ ലാപ്സായി പോകുകയും ചെയ്തിട്ടുണ്ട്.
നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ എസ്.എസ്.കെ വിഹിതം വകയിരുത്തുന്നതിലെ വീഴ്ചകളും, ബാലൻസ് ഷീറ്റിലെ അപാകതകളും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഖണ്ഡിക 1 മുതൽ 8 വരെ) പരാമർശത്തിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

1-30 നവ മുകുളം പദ്ധതി - വൗച്ചറുകൾ ലഭ്യമാക്കിയില്ല. ₹19,690 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ജി എൽ പി സ്കൂൾ, മട്ടന്നൂർ
പ്രോജക്ട് നമ്പർ, പേര്	67/25, നവ മുകുളം പദ്ധതി
അടങ്കൽ	₹50,000/വികസനഫണ്ട് -ജനറൽ
ചെലവ്	തുക/ബിൽ നമ്പർ - ₹50,000/ BRN: 20422014700250152311 2/13-03-2025

2024-25 വർഷത്തെ നവ മുകുളം പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

വൗച്ചറുകളുടെ അപര്യാപ്തത.

പ്രോജക്ടിന്റെ ഭാഗമായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 2024 ഒക്ടോബർ മുതൽ 2025 ഫെബ്രുവരി വരെ സ്പെഷ്യൽ കോച്ചിങ്ങ് നൽകിയ വകയിൽ ലഘുഭക്ഷണത്തിനായാണ് 50000 രൂപ ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ തുകയിൽ 30,000 രൂപ ശ്രീമതി ആയിഷ. സി യ്ക്കും, 20,000 രൂപ ശ്രീ ഗംഗാധരൻ. സി. പി യ്ക്കും നൽകിയതായി ക്യാഷ് ബുക്കിലും അക്വിറ്റൻസിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇതിലേക്ക് ഹാജരാക്കിയ വൗച്ചറുകൾ എം.എ സ്വീറ്റ്സ്, പരിയാരം എന്ന സ്ഥാപനത്തിൽ നിന്നുള്ള ഹോട്ടൽ ബില്ലുകൾ മാത്രമാണ്. ലഭ്യമായ ബില്ലുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ & തീയതി	തുക (₹)
1	329 / 07-11-24, എം.എ സ്വീറ്റ്സ്, പരിയാരം	2,100
2	325 / 16-11-24, എം.എ സ്വീറ്റ്സ്, പരിയാരം	2,100
3	327 / 07-11-24, എം.എ സ്വീറ്റ്സ്, പരിയാരം	2,100
4	326 / 23-11-24, എം.എ സ്വീറ്റ്സ്, പരിയാരം	3,150
5	338 / 10-02-25, എം.എ സ്വീറ്റ്സ്, പരിയാരം	2,100
6	328 / 01-11-24, എം.എ സ്വീറ്റ്സ്, പരിയാരം	1,960
7	330 / 29-11-24, എം.എ സ്വീറ്റ്സ്, പരിയാരം	2,100
8	331 / 29-11-24, എം.എ സ്വീറ്റ്സ്, പരിയാരം	2,100
9	399 / 10-12-24, എം.എ സ്വീറ്റ്സ്, പരിയാരം	3,150
10	388 / 12-12-24, എം.എ സ്വീറ്റ്സ്, പരിയാരം	3,150
11	337 / 08-01-25, എം.എ സ്വീറ്റ്സ്, പരിയാരം	3,150
12	398 / 27-01-25, എം.എ സ്വീറ്റ്സ്, പരിയാരം	3,150
ആകെ		30,310

ആകെ പിൻവലിച്ച തുക: ₹50,000

ഹാജരാക്കിയ ബില്ലുകളുടെ തുക: ₹30,310

വ്യത്യാസം (കുറവ്): ₹19,690

ബില്ലുകൾ പ്രകാരം 30,310 രൂപ മാത്രം ചെലവായിരിക്കെ, 50,000 രൂപയിൽ, ബാക്കി തുകയായ 19,690 രൂപ വൗച്ചറുകൾ ഇല്ലാതെയാണ് ചെലവഴിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്കുള്ള (നമ്പർ 4/13-01-2026) മറുപടിയിൽ തുകയുടെ കൈപ്പറ്റ് ലഭ്യമാക്കുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 19,690 രൂപയുടെ വൗച്ചറുകളോ മതിയായ രേഖകൾ/ ഹോട്ടൽ ബില്ലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ 19,690 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പെൻ ബൂത്ത് സ്ഥാപിക്കൽ-അപാകങ്ങൾ

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ ഉൾപ്പെട്ട 24 വിദ്യാഭ്യാസ സ്ഥാപങ്ങൾക്ക്, വിദ്യാർഥികളിലെ "മാലിന്യം വലിച്ചെറിയൽ" ചിന്താഗതി മാറ്റിയെടുക്കുന്നതിനും, ശാസ്ത്രീയ മാലിന്യ സംസ്കരണ അവബോധം സൃഷ്ടിക്കുന്നതിനുമായി മട്ടന്നൂർ നഗരസഭ നടപ്പിലാക്കിയ പദ്ധതിയാണ് പെൻ ബൂത്ത് സ്ഥാപിക്കൽ'. ആയതു പ്രകാരം, രണ്ടു പ്രോജക്ടുകളിലായി, നഗരസഭ താഴെ പറയും വിധം തുക ചെലവ് ചെയ്തിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ / ക്ലീൻ സിറ്റി മാനേജർ	ഹെൽത്ത് ഓഫീസർ / ക്ലീൻ സിറ്റി മാനേജർ
പ്രോജക്ട് നമ്പർ, പേര്	182/25, പെൻ ബൂത്ത് സ്ഥാപിക്കൽ	367/25 പെൻ ബൂത്ത് സ്ഥാപിക്കൽ

അടങ്കൽ	₹95,539-ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied	₹1,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied
ചെലവ് തുക/ബിൽ നമ്പർ / തീയതി	₹95,539/342/12-03-2025	₹94,500/405/22-03-2025

സൂചന:

പദ്ധതി നമ്പർ 182/25 (Spill Over) - ചെലവ് ₹95,539 (10 എണ്ണം - നിരക്ക് ₹9,554).

പദ്ധതി നമ്പർ 367/25 (New) - ചെലവ് ₹94,500 (14 എണ്ണം - നിരക്ക് ₹6,750).

കരാർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ (Spill Over: 90x40 Cm, 5mm Glass, PVC Sheet; New: 75 X40 Cm, 5mm Glass, PVC Sheet).

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ (No. 15(2)FC-XV/FCD/ 2020-25 Government Of India).

2024-25 സാമ്പത്തിക വർഷത്തിൽ മട്ടന്നൂർ നഗരസഭ നടപ്പിലാക്കിയ 'പെൻ ബൂത്ത് സ്ഥാപിക്കൽ' എന്ന മേൽ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ ഫണ്ട് വിനിയോഗം

പദ്ധതി നമ്പർ 182/25, 367/25 പ്രകാരം, കേന്ദ്ര ധനകാര്യ കമ്മീഷൻ (CFC Tied) ഗ്രാന്റ് ഉപയോഗിച്ച് എയ്ഡഡ്, അൺ-എയ്ഡഡ് (സ്വകാര്യ) സ്കൂളുകൾക്കും, എയ്ഡഡ് (സ്വകാര്യ) കോളേജുകൾക്കും (ഉദാ: മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ, മട്ടന്നൂർ, പഴശ്ശിരാജാ എൻ എസ് എസ് കോളേജ്, ശ്രീ ശങ്കര വിദ്യാപീഠം സീനിയർ സെക്കണ്ടറി സ്കൂൾ (CBSE), മട്ടന്നൂർ, ഗവൺമെന്റ് പോളി ടെക്നിക് കോളേജ്, മട്ടന്നൂർ) പെൻ ബൂത്തുകൾ നൽകിയിട്ടുണ്ട്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള, സാമ്പത്തിക ശേഷിയുള്ള സ്ഥാപനങ്ങളിൽ ആസ്തി വികസനത്തിനായി സർക്കാർ ഗ്രാന്റ് ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണ്. പൊതുജനാരോഗ്യം/ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ ഒഴികെ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ സാധനങ്ങൾ വാങ്ങി നൽകാൻ വ്യവസ്ഥയില്ല.

2. കൈമാറ്റം ചെയ്യപ്പെടാത്ത ഗവൺമെന്റ് സ്ഥാപനങ്ങളിൽ വിനിയോഗം

പ്രോ.നമ്പർ 182/25 പ്രകാരം ഗവൺമെന്റ് പോളിടെക്നിക് കോളേജിന് പെൻ ബൂത്ത് നൽകിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം സ്കൂളുകൾ (ഹയർ സെക്കണ്ടറി വരെ) മാത്രമാണ് നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ (Transferred Institutions). കോളേജുകളും പോളിടെക്നിക്കുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയോ കോളീജിയേറ്റ് എഡ്യൂക്കേഷന്റെയോ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെടാത്ത, നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ഒരു സ്ഥാപനത്തിൽ (ഗവ. പോളിടെക്നിക്) തനത് ഫണ്ടോ, ഗ്രാന്റോ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നത് നഗരസഭയുടെ അധികാരപരിധിക്ക് പുറത്തുള്ളതാണ്. ഇതിന് സർക്കാരിന്റെയോ ജില്ലാ ആസൂത്രണ സമിതിയുടെയോ (DPC) പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

3. അൺ-എയ്ഡഡ് സ്കൂളുകൾ, അൺ-എയ്ഡഡ് / എയ്ഡഡ് കോളേജുകളിലും ഫണ്ട് വിനിയോഗിച്ചു.

പദ്ധതികളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ PRNSS കോളേജ് (എയ്ഡഡ്), വിവിധ അൺ-എയ്ഡഡ് സ്കൂളുകൾ എന്നിവരെ ഉൾപ്പെടുത്തിയതും, 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇവർക്കായി വിനിയോഗിച്ചതും ചട്ടലംഘനമാണ്. 15-ാം ധനകാര്യ കമ്മീഷൻ മാർഗ്ഗരേഖകളിലെ ഖണ്ഡിക 2, ഖണ്ഡിക 7(ii) എന്നിവ പ്രകാരം 'ടൈഡ് ഗ്രാന്റ്' വിനിയോഗിക്കേണ്ടത് പൊതുജനാരോഗ്യം, ശുചിത്വം, ഗാർഹിക മാലിന്യ സംസ്കരണം എന്നിവയ്ക്കാണ്. സ്വകാര്യ മാനേജ്മെന്റുകളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ആസ്തി വികസനം നടത്താൻ ഈ ഫണ്ട് ഉപയോഗിക്കാൻ പാടുള്ളതല്ല.

4. ഉപയോഗം ഉറപ്പുവരുത്തുന്നതിലെ അപാകതകൾ

1.90 ലക്ഷം രൂപ ചെലവഴിച്ച് സ്കൂളുകളിൽ പെൻ ബൂത്തുകൾ സ്ഥാപിച്ചതുകൊണ്ട് മാത്രം പദ്ധതി പൂർത്തിയാകുന്നില്ല. ഈ ബൂത്തുകൾ വെറും 'ശേഖരണ ബിന്നുകൾ' (Collection Points) മാത്രമാണ്. സ്ഥാപിച്ച ബൂത്തുകൾ കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളായ സ്കൂളുകളുമായി നഗരസഭ യാതൊരുവിധ കരാറിലോ (Agreement) ധാരണയിലോ (MOU) ഏർപ്പെട്ടിട്ടില്ല. പെൻ ബൂത്തുകൾ സ്ഥാപിച്ച സ്കൂൾ അധികൃതർക്ക്, നിശ്ചിത സമയത്തിനുള്ളിൽ ശേഖരിച്ച പേനകൾ നഗരസഭയുടെ ഹരിത കർമ്മ സേനയ്ക്കോ (HKS), ക്ലീൻ കേരള കമ്പനിക്കോ കൈമാറണമെന്ന് നിർദ്ദേശം നൽകിയതിന്റെ വിവരമോ ലഭ്യമായിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 അർബൻ ഡയാലിസിസ് കേന്ദ്രത്തിന് മരുന്നും മറ്റും വാങ്ങൽ ആവശ്യപ്പെട്ട മരുന്നുകൾ മുഴുവനും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹1,55,499 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം
പ്രോജക്ട് നമ്പർ, പേര്	21/25, അർബൻ ഡയാലിസിസ് കേന്ദ്രത്തിന് മരുന്നും മറ്റും വാങ്ങൽ
അടങ്കൽ	₹24,59,829-സംരക്ഷണ ഗ്രാന്റ് -റോഡിതരം
ചെലവ്	₹24,59,829-സംരക്ഷണ ഗ്രാന്റ് -റോഡിതരം

തുക/ബിൽ നമ്പർ

ബിൽ നമ്പർ	ബിൽ തീയതി	തുക (₹)
BRN 24220147002200590295	29-08-2024	12,04,125
BRN 24220147002200725117	30-09-2024	13,485
BRN 24220147002201200624	20-01-2025	12,16,743
BRN 24220147002201347047	18-02-2025	25,476
		24,59,829

അർബൻ ഡയാലിസിസ് കേന്ദ്രത്തിന് മരുന്നും മറ്റും വാങ്ങൽ പദ്ധതിക്കായി തൻ വർഷം ₹ 24,59,829 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ₹ 23,04,330 യുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായുള്ള ജി എസ് ടി ഇൻവോയിസുകൾ /വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ₹1,55,499 യുടെ ചെലവിന് ആധാരമായ രേഖകൾ/ മരുന്ന് ലഭ്യത വിവരം ലഭ്യമല്ല. ബാക്കി മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ ബില്ലുകളും രേഖകളും സമർപ്പിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ എൻകുയറിക്ക്(നമ്പർ 46/24-01-2026) മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹1,55,499 തടസ്സപ്പെടുത്തുന്നു.

1-33 സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവനും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹96,620 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം
പ്രോജക്ട് നമ്പർ, പേര്	18/25, സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ
അടങ്കൽ	₹15,00,000-സംരക്ഷണ ഗ്രാന്റ് റോഡിതരം
ചെലവ്	₹13,42,998-സംരക്ഷണ ഗ്രാന്റ് റോഡിതരം

ബിൽ നമ്പർ	ബിൽ തീയതി	തുക (₹)
BRN 24220147002200589478	19-08-2024	2,85,860
BRN 24220147002201013124	11-12-2024	1,75,433
BRN 24220147002201200635	20-01-2025	98,000
BRN 24220147002201013096	11-12-2024	3,12,329
BRN 24220147002201457563	07-03-2025	2,92,594
BRN 24220147002201525592	13-03-2025	5,837
BRN 24220147002201576992	18-03-225	1,72,945
		13,42,998

സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ പദ്ധതിക്കായി തൻ വർഷം ₹ 13,42,998 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ₹ 12,46,378യുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായുള്ള ജി എസ് ടി ഇൻവോയിസുകൾ /വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ₹96,620 യുടെ ചെലവിന് ആധാരമായ രേഖകൾ/ മരുന്ന് ലഭ്യത വിവരം ലഭ്യമല്ല. ബാക്കി മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ ബില്ലുകളും രേഖകളും സമർപ്പിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ എൻകയറിക്ക് (നമ്പർ 47/24-01-2026) മറുപടി നൽകിയത്. മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ₹96,620 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോക്ക് രജിസ്റ്ററർ സൂക്ഷിച്ചിട്ടില്ല. ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട്	202/25 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
അടങ്കൽ	₹10,00,000 (തനത് ഫണ്ട്)
ചെലവ്	₹10,00,000 (ചെക്ക് നം. 006953/08.08.2024)
പ്രവൃത്തി പൂർത്തീകരിച്ച തീയതി	11.07.2024

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ക്ഷണിച്ച ടെണ്ടറിൽ കുറവ് തുക നൽകിയ എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇൻവോയ്സ് നം.24/14 Dtd 11.07.2024 പ്രകാരം 100W LED Street Light-100 Nos., 36 W LED Street Light 333 Nos., 36 W LED Street Light Without Sensor-22 Nos. എന്നിവ ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ മേൽ ഇൻവോയ്സിൽ ഉപകരണങ്ങളുടെ വാറണ്ടി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 31/ 20.01.2026 നുള്ള മറുപടിയിൽ സ്ട്രീറ്റ് ലൈറ്റുകളുടെ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

പ്രവൃത്തി പൂർത്തികരിച്ചതായി 11.07.2024 ന് കരാറുകാരൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ പോസ്റ്റുകളിൽ പുതുതായി വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വിവരങ്ങൾ, ഇവയുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ കാരണം ₹10,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 മിനി എം.സി.എഫിന് അടിത്തറ നിർമ്മാണം - വെർട്ടിക്കൽ ഗാർഡൻ നിർമ്മാണം പരിപാലനമില്ലാതെ നശിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട്	209/25 - മിനി എം.സി.എഫിന് അടിത്തറ നിർമ്മാണം
അടങ്കൽ :	₹15,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് :	₹11,30,272/- (ബിൽ നം.60/22.07.2024 - ₹8,15,275/-) (ബിൽ നം.61/22.07.2024 - ₹3,14,997/-)

മുൻ വർഷങ്ങളിൽ നിർമ്മിച്ച 38 മിനി എം.സി.എഫിന് അടിത്തറ നിർമ്മിക്കുന്നതിനും അവയോടനുബന്ധിച്ച വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 24 മിനി

എം.സി.എഫുകൾക്കാണ് അടിത്തറ, വെർട്ടിക്കൽ ഗാർഡൻ എന്നിവ നിർമ്മിച്ചിട്ടുള്ളത്. 24.01.2026 ന് മുൻസിപ്പൽ സെക്രട്ടറി ചുമതലപ്പെടുത്തിയ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടറുമൊത്ത് വിവിധ മിനി എം.സി.എഫുകൾ പരിശോധിച്ചതിൽ കരേറ്റയിലുള്ള 2/17 നമ്പർ മിനി എം.സി.എഫ്, ഇതിനായി നിർമ്മിച്ച അടിത്തറയിൽ ഇതുവരെയും മാറ്റി സ്ഥാപിച്ചിട്ടില്ല. വെർട്ടിക്കൽ ഗാർഡനുകൾ ഭ്രരിഭാഗവും സംരക്ഷണമില്ലാതെ നശിക്കുകയാണ്. മിനി എം.സി.എഫിൽ വെർട്ടിക്കൽ ഗാർഡൻ അത്യാവശ്യമുള്ള ഒരുഘടകമല്ല എന്നിരിക്കെ ആയത് സ്ഥാപിച്ച് സംരക്ഷിക്കാതിരിക്കുന്നത് പാഴ് ചെലവായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/20.01.2026 നുള്ള മറുപടിയിൽ ഇവയുടെ പരിപാലന ചുമതല ഹരിത കർമ്മ സേനയെയാണ് ഏല്പിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ പരിപാലനം കൃത്യമായി നടക്കുന്നില്ല. മേൽ വിവരങ്ങൾ മുൻസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-36 മിനി എം.സി.എഫിന് സ്ഥാപിക്കൽ - സ്റ്റോക്ക് / ആസ്തി വിവരം ലഭ്യമാക്കിയിട്ടില്ല. ₹13,38,686 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ/പേര്	203/25 - മിനി എം.സി.എഫ് സ്ഥാപിക്കൽ
അടങ്കൽ :	₹23,13,815 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് :	₹13,38,686 (ബിൽ നം.292/07.02.2025)

മിനി എം.സി.എഫ് സ്ഥാപിക്കുന്നതിന് ബഹു വർഷ പ്രോജക്ടായി ₹46,24,000 അടങ്കലോടെ മുൻ വർഷം തയ്യാറാക്കിയ പ്രോജക്ടിന്റെ പാർട്ട് ബിൽ മുൻ വർഷം നൽകിയിട്ടുണ്ട് (₹23,10,185). 2024-25 ൽ ₹13,38,686 ഫൈനൽ ബിൽ നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം 43 മിനി എം.സി.എഫുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഇവ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് , ഇവ മുൻസിപ്പൽ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, മുൻ വർഷങ്ങളിൽ എത്ര മിനി എം. സി. എഫുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 28/20/01/2026 നുള്ള മറുപടിയിൽ പ്രോജക്ട് പ്രകാരം മിനി. എം.സി എഫ് സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിച്ച പട്ടികയും മുൻസിപ്പൽ പ്രദേശത്ത് ആകെ സ്ഥാപിച്ച 112 മിനി എം.സി എഫുകളുടെ വിവരവുമാണ് ലഭ്യമാക്കിയത്.

കരാർ പ്രകാരം (Agt No. 40/2023-24 തീയതി 07.02.2024) മിനി എം.സി.എഫുകളുടെ Defect Liability Period അഞ്ചു വർഷമാണ്. എന്നാൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫുകളുടെ നെയിം ബോർഡിൽ ഇവ സ്ഥാപിച്ച വർഷം രേഖപ്പെടുത്തുകയോ സ്ഥാപിച്ച മിനി എം.സി.എഫുകളുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ/ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ₹13,38,686 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 കഴൽ കിണറിന് മോട്ടോർ ,ടാങ്ക് സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹3,85,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ/ പേര്	207/25 -കുടിവെള്ള പ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ കഴൽ കിണർ സ്ഥാപിക്കൽ അനുബന്ധ സൗകര്യം ഒരുക്കൽ
അടങ്കൽ	₹4,00,000 (ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവ്	₹3,85,000 (ബിൽ നം.67/24.07.2024)
കരാറുകാരൻ	ഭ്രജല വകുപ്പ്
കരാർ തുക	₹3,85,000/-

കരാർ നം/ തീയതി	04/24 25 / 29.07.2024

മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ നെല്ലൂന്നി എന്ന സ്ഥലത്ത് കുഴൽ കിണറിന് മോട്ടോർ, വാട്ടർ ടാങ്ക് എന്നിവയും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിന് ഭൂജലവകുപ്പിന്റെ 30.03.2023-ലെ ജി.ഡബ്ല്യു/കെ.എൻ.ആർ/485/22 നമ്പർ കത്ത് പ്രകാരം ₹3,85,000/- ന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/24.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹3,85,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 റോഡ് പാച്ച് പ്രവൃത്തിക്കായി കോൾഡ് മിക്സ് ബാഗ് വാങ്ങൽ- സ്റ്റോക്ക്, വിനിയോഗ വിവരം ലഭ്യമാക്കൽ . ₹1,19,486/യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ/പേര്	87/25, റോഡ് പാച്ച് പ്രവൃത്തിക്കായി കോൾഡ് മിക്സ് ബാഗ് വാങ്ങൽ
അടങ്കൽ	₹2,00,000 (തനത് ഫണ്ട്)
ചെലവ്	₹59579 (ചെക്ക് നം. 007006 Dtd 13.02.2025) ₹59907 (ചെക്ക് നം 019870 Dtd 26.03.2025 ആകെ: 119486

ടാക്സ് ഇൻവോയ്സ് നമ്പർ EKM/24-25 -0091 തീയതി 15.02.2025 പ്രകാരം Hincol Road Bond (25 Kg.PP Bags) 100 എണ്ണവും, Hincol Emulsion RS1 (200kg -Mangolore) 1 എണ്ണവും, ടാക്സ് ഇൻവോയ്സ് നമ്പർ OLR/24-25 – 0561 തീയതി 29.03.2025 പ്രകാരം Hincol Road Bond (25 Kg. P P Bags) 100 എണ്ണവും, Hincol Emulsion RS1 (200kg - Mangalore) 1 എണ്ണവും വാങ്ങിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (40/23.01.2026) മറുപടിയോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ വാർഡുകളിലെ 21 റോഡ് പ്രവൃത്തികൾക്കായി Road Bond, Emulsion എന്നിവ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്കാണ് നൽകിയത് എന്നുള്ളതിനുള്ള കൈപ്പറ്റ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ സാധനങ്ങൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, പ്രവൃത്തി നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ കാരണം ₹1,19,486 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 പൈതൃക മാലിന്യ സംസ്കരണം - ചരക്ക് സേവന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടും നികുതി ഉൾപ്പടെയുള്ള തുക കരാറുകാരന് അനുവദിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
ഫയൽ നം. 2301900-2024 (K SMART)

പ്രോജക്ട് നമ്പർ/പേര്	294/25 - പൈതൃക മാലിന്യ സംസ്കരണം
അടങ്കൽ : ₹2,68,47,500/-	₹,41,25,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) ₹27,22,500 (സംസ്ഥാനാവിഷ്കൃത ഫണ്ട്) ₹2,00,00,000(നഗര സഞ്ചയ ഫണ്ട്, കണ്ണൂർ കോർപ്പറേഷൻ)
ചെലവ് : 1,60,00,000	₹80,00,000 (Ch. No. 006924 Dtd,10.10.2024) ₹80,00,000 (Ch. No. 019923 Dtd,28.03.2025)
കരാറുകാരൻ	M.C.K.Kutty Engineering Projects Pvt.Ltd, Kozhikkode
കരാർ തുക	₹1,61,05,314/-
കരാർ നം/ തീയതി	35/23-24 Dtd. 12.10.2023

ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത് (18% ജി എസ് ടി ഉൾപ്പടെ)	₹1,90,04,271
പൂർത്തിയാക്കേണ്ട തീയതി	11.10.2024
പൂർത്തിയാക്കിയ തീയതി	12.03.2025
ഈടാക്കിയ പിഴ	₹370423/-

G.O(Rt) No.2629/2022/LSGD Dtd.29.10.2022 പ്രകാരമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ടോട്ടൽ സ്റ്റേഷൻ സർവ്വെ പ്രകാരം 15545.670 ക്യൂബിക് മീറ്റർ മാലിന്യമാണ് കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത മാലിന്യം നീക്കം ചെയ്യുന്നതിന് ക്യൂബിക് മീറ്ററിന് ₹1036/- കാട്ട് ചെയ്ത M.C.K.Kutty Engineering Pvt.Ltd, Kozhikkode എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. ഇത് പ്രകാരം കരാർ തുക ₹16105314/- ആണ്.
പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും K SMART ൽ ലഭ്യമാകാത്തതിനാൽ രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.30/20.01.2016 ന് നൽകിയ മറുപടിയോടൊപ്പം നൽകിയ രേഖകളും, 24.01.2026 ന് സെക്രട്ടറി ചുമതലപ്പെടുത്തിയ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ പൈതൃക മാലിന്യ സംസ്കരണം നടത്തിയ സ്ഥലം (കരിഞ്ഞുർപ്പറമ്പ്, പൊറോറ) സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
1. SRO No.371/2017 (G.O.(P) No.73/2017/Taxes Dtd 30.06.2017), നോട്ടിഫിക്കേഷൻ നമ്പർ. 12/2017 സെൻട്രൽ ടാക്സ് (റേറ്റ്) തീയതി 28.06.2017 പ്രകാരവും Biomining And Legacy Waste Remediation എന്ന പ്രവൃത്തി Pure Service ആയി പരിഗണിക്കുന്നതിനാൽ മുൻസിപ്പാലിറ്റിക്ക് ജി.എസ്.ടി ബാധകമല്ല. കൂടാതെ നോട്ടിഫിക്കേഷൻ നമ്പർ. 13/2023 തീയതി സെൻട്രൽ ടാക്സ് (റേറ്റ്) 19.10.2023 പ്രകാരവും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രവൃത്തികൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുമ്പോൾ കരാർ തുകയുടെ (₹1,61,05,314/-) 18% ജി.എസ്.ടി ഉൾപ്പെടുത്തിയാണ് കരാറുകാരന് നൽകാനുള്ള ആകെ തുകയായ ₹1,90,04,271/- കണക്കാക്കിയിട്ടുള്ളത്. മുഴുവൻ തുകയും നൽകാൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ തുകയ്ക്ക് ബിൽ തുക പരിമിതപ്പെടുത്തുന്നതിന് പ്രവൃത്തി മൂല്യം ₹13559322/-വും(C C 1st & Part ₹67,79,661/- , C.C 2nd & Final Bill ₹67,79,661/-). 18% ജി.എസ്.ടിയും കണക്കാക്കിയാണ് ₹1,60,00,000/- ചെലവ് ചെയ്തിട്ടുള്ളത് (₹80,00,000 വീതം ആകെ രണ്ട് ബില്ലുകൾ). ഇതുവഴി മുൻസിപ്പൽ ഫണ്ടിൽ നിന്ന് ജി.എസ്.ടി തുകയായി ₹2440678കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.
ആകെ പ്രവൃത്തി മൂല്യം : ₹1,61,05,314/-

CC 1st & Part Bill :
പ്രവൃത്തി മൂല്യം : ₹7031086.47
GST 18% : ₹1265595.56
ആകെ : ₹ 8296682.03
Limited To : ₹80,00,000.00
പ്രവൃത്തിമൂല്യം കണക്കാക്കിയത് : ₹67,79,661.00
ബില്ലിൽ നിന്നും കുറവ് വരുത്തിയ തുകകൾ :
ആദായ നികുതി @2% :₹ 1,35,594.00
KB & CWWF @ 1% :₹67,797.00
GST @2% : ₹1,35,594.00
Retension @ 2.5% : ₹1,69,492/-
Security Deposit :₹14.91,523/-
ആകെ : ₹20,00,000/-
കരാറുകാരന് നൽകിയ തുക : 60,00,000 (ചെക്ക് നം. 006924 Dtd,10.10.2024)

CC .2nd & Final Bill :
ആകെ പ്രവൃത്തി മൂല്യം : ₹1,61,05,314.00
Part Bill പ്രകാരം നൽകിയത് : ₹67,79,661.00
ബാക്കി : ₹93,25,653.00
GST 18% : ₹16,78,618.00
നൽകാൻ ആകെ : ₹ 1,10,04,271.00
Limited To : ₹80,00,000.00
പ്രവൃത്തിമൂല്യം കണക്കാക്കിയത് : ₹67,79,661.00
ബില്ലിൽ നിന്നും കുറവ് വരുത്തിയ തുകകൾ :

ആദായ നികുതി @2% :₹ 1,35,594.00
KB & CWWF @ 1% :₹67,797.00
GST @2% : ₹1,35,594.00
Fine : ₹3,70,423.00
ആകെ : ₹7,09,408.00
കരാറുകാരന് നൽകിയ തുക:₹72,90,592.00 (ചെക്ക് നം. 019923 Dtd,28.03.2025)
കൂടാതെ സെക്യൂരിറ്റി ഡപ്പോസിറ്റ് ഇനത്തിൽ പാർട്ട് ബില്ലിൽ നിന്ന് ഈടാക്കിയ തുകയായ ₹14.91,523/- ചെക്ക് നം 007275/ 25.01.2025 ന് തിരിച്ച് നൽകിയിട്ടുണ്ട്.





2. പൈതൃക മാലിന്യം ബയോമൈനിംഗ് നടത്തി മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് ഭൂമി വീണ്ടെടുക്കുക എന്നതാണ് പ്രോജക്ടിന്റെ യഥാർത്ഥ ലക്ഷ്യം. കരാർ പ്രകാരം 15545.670 Cum മാലിന്യമാണ് ബയോമൈനിംഗ് നടത്തി സംസ്കരിക്കേണ്ടത്. റീ സൈക്കിൾ ചെയ്യാൻ സാധിക്കാത്ത മാലിന്യം നീക്കം ചെയ്ത് ഭൂമി നിരപ്പാക്കി നഗരസഭക്ക് കൈമാറേണ്ടതാണ്. ബയോ മൈനിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങളുടെ ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റിയുടെ 02.08.2023 ലെ മീറ്റിംഗ് തീരുമാനം പ്രകാരം റീ സൈക്കിൾ ചെയ്യാൻ സാധിക്കാത്ത മാലിന്യം കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ബയോമൈനിംഗിന്റെ ഭാഗമായി ലഭിച്ച റീസൈക്കിൾ ചെയ്യാൻ പറ്റാത്ത മാലിന്യങ്ങൾ നീക്കം ചെയ്യാതെ വലിയ കൂമ്പാരമായി ഈ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നു.
പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കി തുക അനുവദിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. മാലിന്യം മുഴുവൻ നീക്കം ചെയ്തു എന്ന് പദ്ധതി മേൽനോട്ട സമിതി ഉറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.50/29.01.2026 നുള്ള മറുപടിയിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് WORK കാറ്റഗറിയിലാണെന്നും PURE SERVICE – Work Contract ഒഴികെയുള്ളത് എന്നാണ് നോട്ടിഫിക്കേഷൻ നമ്പർ. 12/2017 സെൻട്രൽ ടാക്സ് (റേറ്റ്) തീയതി 28.06.2017 ൽ പ്രതിപാദിച്ചിട്ടുള്ളത് എന്നും, പ്രവൃത്തി Pure Service ഗണത്തിൽ ഉൾപ്പെടുന്നില്ല എന്നും മേൽ പ്രവൃത്തിക്ക് തുക നൽകുമ്പോൾ ജി എസ് ടി ടിഡിഎസ് ഒടുക്കിയിട്ടുണ്ട് എന്നും കറാറുകാരന് നൽകിയ 18% ജി.എസ്.ടി. 32AAOCM1836D1ZP എന്ന GSTIN ൽ സർക്കാറിലേക്ക് നൽകിയിട്ടുണ്ട് എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. കൂടാതെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമോ ടെൻഡർ നിബന്ധന പ്രകാരമോ റിജക്ട് വേസ്റ്റ് നീക്കം ചെയ്യാൻ നിബന്ധന ഉണ്ടായിരുന്നില്ല എന്നും ടെക്നിക്കൽ ഇവാലുവേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് റിജക്ട് വേസ്റ്റ് നീക്കം ചെയ്യാൻ അറിയിച്ചത് എന്നുമാണ്. മുഴുവൻ പ്രവൃത്തിയും പൂർത്തിയായതിനാലാണ് അന്തിമ ബിൽ തയ്യാറാക്കിയത് എന്നും ₹ 1,90,04,271 ൽ ₹1,60,00,000 അനുവദിക്കുകയും ₹30,04,271/- (ജി എസ്.ടി 18% അടക്കമുള്ള തുക) റിജക്ട് വേസ്റ്റ് നീക്കം ചെയ്യാൻ മാത്രം നൽകുന്ന രീതിയിൽ മാറ്റി വെച്ചിട്ടുണ്ട് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

നോട്ടിഫിക്കേഷൻ നമ്പർ. 12/2017 സെൻട്രൽ ടാക്സ് (റേറ്റ്) തീയതി 28.06.2017ലെ ക്രമനമ്പർ 3 പ്രകാരം ബയോമെനിംഗിൽ ഏർപ്പെടുന്ന കരാറുകാരൻ മുൻസിപ്പാലിറ്റികൾക്ക് നൽകുന്നത് 'Pure Service' ആണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 243G, 243W എന്നിവ അനുസരിച്ച് പഞ്ചായത്തിന് അല്ലെങ്കിൽ മുൻസിപ്പൽ കോർപ്പറേഷനെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര/സംസ്ഥാന സർക്കാറുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സ്വീകരിക്കുന്ന 'Pure Service' ആയതിനാൽ ജി.എസ്.ടി ബാധകമല്ല. ആയതിനാൽ ജി എസ് ടി ഇനത്തിൽ കരാറുകാരന് അനുവദിച്ച ₹24,40,678/- അംഗീകരിക്കുന്നില്ല.

നികുതി ബാധകമല്ലാത്ത ഇനത്തിന് നികുതി ശേഖരിച്ച് സർക്കാരിലേക്ക് അടക്കപ്പെട്ടാൽ കേന്ദ്ര ചരക്ക് സേവന നികുതി നിയമം 2017 ലെ വകുപ്പ് 76 ഉപവകുപ്പ് 11 പ്രകാരം ആരിൽ നിന്നാണോ അപ്രകാരം നികുതി ബാധകമല്ലാത്തതിന് നികുതി ശേഖരിച്ചത് ആ വ്യക്തിക്ക് /സ്ഥാപനത്തിന് ഇതേ നിയമത്തിലെ വകുപ്പ് 54 ന് വിധേയമായി റീഫണ്ട് അപേക്ഷ നൽകാവുന്നതാണ്.

ആയതിനാൽ കരാറുകാരന് അധികം നൽകിയ തുക ₹24,40,678/-സർക്കാരിലേക്ക് ഒടുക്കിയതിനാൽ മുൻസിപ്പാലിറ്റിക്ക് അർഹമായ പ്രസ്തുത തുക ലഭിക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്. അപാകങ്ങളിലേക്ക് മുൻസിപ്പൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-40 പൊതു മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

പ്രോജക്ട് ഫയലുകൾ (മാന്വൽ/ KSMART) പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1.നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകൽ

2012-ലെ പി.ഡബ്ല്യു.ഡി മാനുവലിലെ സെക്ഷൻ 2112 പ്രകാരം ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി പൂർത്തീകരണം സമയത്തിനകം കരാറുകാരൻ അപേക്ഷ നൽകേണ്ടതും സമയം ദീർഘിച്ച് വാങ്ങേണ്ടതുമാണ്. പരമാവധി നൽകാവുന്ന സമയപരിധി അനുവദനീയ കാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. എന്നാൽ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ ചമക്കുകയോ ചെയ്യാതെ തന്നെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര്	കരാർ തീയതി.	സൈറ്റ് കൈമാറിയ തീയതി	പൂർത്തീകരണ കാലാവധി	കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി	പ്രവൃത്തി പൂർത്തീകരിച്ച തീയതി
പ്രോജക്ട് : 223/25 - ഇല്ലംഭാഗം ഏലോട്ടുകുളം നവീകരണം	25.02.2023	02.03.2023	ഒരു വർഷം	01.03.2024	16.04.2024
പ്രോജക്ട് : 210/25 – കാര ചന്ദ്രോത്ത് കുളം നവീകരണം	25.02.2023	02.03.2023	ഒരു വർഷം	01.03.2024	16.04.2024
294/25 - പൈതുക മാലിന്യ സംസ്കരണം	12.10.2023	22.10.2023	ഒരു വർഷം	21.10.2024	12.03.2025

2. ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല :- ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തുകയോ കാലികമാക്കുകയോ ചെയ്യുന്നില്ല. ഉദാഹരണം ചുവടെ

(I) പ്രോജക്ട് : 212/25- അയ്യല്ലൂർ ലക്ഷംവീട് കോളനി റോഡ് നവീകരണം :- ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ II ൽ 12170010300000002 ആയി ചേർത്ത പ്രസ്തുത റോഡിന്റെ നീളം 0.450കി.മീ ഉം വീതി 5 മീറ്ററും കേര്യേജ് വേ 3 മീറ്ററും ആണ്. ഇതിൽ 0.450കി.മീ ടാർ ചെയ്തിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ചെയ്നേജ് 0/000 മുതൽ 0/467 വരെയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

(Ii) പ്രോജക്ട് : 279/25 - കായല്ലൂർ കുംഭംമൂല റോഡ് നവീകരണം :- ആസ്തി രജിസ്റ്റർ II ൽ 12170010110000003ആയി ചേർത്ത പ്രസ്തുത റോഡിന്റെ നീളം 0.501കി.മീ ഉം വീതി 6 മീറ്ററും കേര്യേജ് വേ 3 മീറ്ററും ആണ്. ആസ്തി രജിസ്റ്റർ പ്രകാരം 0.501കി.മീ ഉം ടാർ ചെയ്തിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ചെയ്നേജ് 0/000 മുതൽ 01 /600 വരെയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/20.01.2026 നുള്ള മറുപടിയിൽ നഗരസഭാ പരിധിയിലുള്ള മുഴുവൻ റോഡുകളും R-Track സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് എന്നും ആയത് പ്രകാരമാണ് ബാക്കി ഭാഗം നവീകരിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. റോഡുകൾ നിർമ്മിച്ചത് ഏത് വർഷമാണ് എന്നോ ആയതിന്റെ അപാകത പരിഹരിക്കൽ കാലയളവിന് ശേഷമാണോ നവീകരണം നടത്തിയത് എന്നോ വ്യക്തമല്ലാത്തതിനാൽ വീശദവിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

(Iii) പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും KSMART ൽ ഉൾപ്പെടുത്തിയിട്ടില്ല. -

ഡാറ്റ, എം. ബുക്ക്, പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ നൽകുന്ന അപേക്ഷ, സപ്ലിമെന്ററി കരാർ, മുതലായ പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും KSMART ൽ ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്.

1-41 പൊതു ടോയ് ലെറ്റ് നവീകരണം നഗരസഭ - രേഖകൾ ലഭ്യമാക്കിയില്ല - ₹1817224 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട്	208/25 - പൊതു ടോയിലെറ്റ് നവീകരണം നഗരസഭ ഓഫീസ്
അടങ്കൽ :	₹20,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് :	₹18,17,224 (ബിൽ നം.442/26.03.2025)
കരാറുകാരൻ	ശ്രീ.ഒ.കെ. വേണുഗോപാൽ
കരാർ തുക	₹18,04,906
കരാർ നം/ തീയതി	10/24 25 Dtd. 27.08.2024
ആകെ പ്രവൃത്തി മൂല്യം	₹18,17,224

പ്രവൃത്തിക്കായുള്ള സൈറ്റ് പ്ലാൻ പ്രകാരം നഗരസഭാ ഓഫീസിന് പിറക് വശമുള്ള പൊതു ടോയിലെറ്റ് നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം 8 ടോയിലെറ്റ് നവീകരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നവീകരിക്കുന്ന ടോയ് ലറ്റുകളുടെ സ്കെച്ച് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകുമ്പോൾ ആറ് ഇന്ത്യൻ വാട്ടർ ക്ലോസെറ്റ്, ആറ് യൂറോപ്യൻ ടൈപ്പ് വാട്ടർ ക്ലോസെറ്റ്, 11 വാഷ് ബേസിനുകൾ എന്നിവ സ്ഥാപിച്ചതിനുള്ള തുക നൽകിയിട്ടുണ്ട്. എന്നാൽ സൈറ്റ് പ്ലാൻ പ്രകാരമുള്ള ടോയ് ലെറ്റ് കോംപ്ലക്സിൽ നാല് ടോയിലെറ്റുകളിലായി രണ്ട് വീതം ഇന്ത്യൻ വാട്ടർ ക്ലോസെറ്റ്, യൂറോപ്യൻ ടൈപ്പ് വാട്ടർ ക്ലോസെറ്റ്, വാഷ് ബേസിനുകൾ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും KSMART ൽ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/24.01.2026) മറുപടി ലഭ്യമാക്കിട്ടില്ല. ആയതിനാൽ ചെലവ് തുക ₹18,17,224 തടസ്സപ്പെടുത്തുന്നു.

1-42 ഹെൽത്ത് ഗ്രാന്റ് (സ്കീം 5 & 6) വിനിയോഗത്തിലെ കാര്യക്ഷമതയും ഫലപ്രാപ്തിയും.

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/ LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-23 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക

അനുവദിച്ചിട്ടുള്ളത്. സ്കീം 5, 6 എന്നിവയാണ് നഗരസഭകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 1, 2, 3 എന്നിവ ഗ്രാമപഞ്ചായത്തുകൾക്കുമാണ് ബാധകം. സ്കീം 5 പ്രകാരം നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 6 പ്രകാരം തുക അനുവദിക്കുന്നത്.

1. മട്ടന്നൂർ നഗരസഭയിൽ വിവിധ സ്കീമുകളിലായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ് രേഖകളുടെ വിശദമായ പരിശോധനയിൽ, ഫണ്ട് അനുവദിക്കുന്നതും അത് വിനിയോഗിക്കുന്നതും തമ്മിൽ വലിയ അന്തരം ഉള്ളതായി കാണപ്പെടുന്നുണ്ട്. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഫണ്ട് ചെലവഴിക്കൽ നടന്നിട്ടുണ്ടെങ്കിലും, 2021-22 മുതൽ 2022-23 വരെയുള്ള കാലയളവിൽ പദ്ധതി പൂർണ്ണമായും നിശ്ചലമായിരുന്നു എന്ന് വേണം കരുതുവാൻ. അനുവദിച്ച തുകയുടെ വലിയൊരു ഭാഗം ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി Revenue Expenditure ഇനത്തിൽ ചെലവഴിച്ചപ്പോൾ, കാൻസർ കെയർ, പുതിയ വെൽനസ് സെന്ററുകളുടെ നിർമ്മാണം തുടങ്ങിയ സുപ്രധാന വികസന പദ്ധതികൾ Capital Expenditure എന്ന ഗണത്തിൽ അവഗണിക്കപ്പെട്ടു. 2024-25 വർഷാവസാനം 53.43 ലക്ഷം രൂപ വിനിയോഗിക്കാതെ ബാക്കിയുണ്ട് എന്നത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയെ സൂചിപ്പിക്കുന്നു.

2 വരവ്-ചെലവ് വിശകലനം

A നഗരസഭയ്ക്ക് 2021-22 മുതൽ നാളിതുവരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ.

സാമ്പത്തിക വർഷം	ലഭിച്ച തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	വിനിയോഗ നിരക്ക്	ഓഡിറ്റ് നിരീക്ഷണം
2021-22	0	0	N/A	-
2022-23	1,35,67,547	0	0%	1.35 കോടി രൂപ ഒരു വർഷം മുഴുവൻ ഉപയോഗശൂന്യമായി ഇരുന്നു.
2023-24	70,07,519	1,12,21,222	>100%	മുൻവർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ ചെലവഴിച്ചു.
2024-25	41,95,914	81,90,363	>100%	മുൻവർഷത്തെ നീക്കിയിരിപ്പ് ഉപയോഗിച്ചു.

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 വർഷത്തെ ചെലവ് പട്ടിക 1 പ്രകാരം 11221222 രൂപയും 2024-25 വർഷത്തെ ചെലവ് 8190363 രൂപയുമാണ്. എന്നാൽ പട്ടിക 2 പ്രകാരം ലഭ്യമാക്കിയ പദ്ധതികളുടെ കണക്ക് പ്രകാരമുള്ള 2023-24 വർഷത്തെ ചെലവ് 9613932 രൂപയും 2024-25 വർഷത്തെ ചെലവ് 5639745 രൂപയുമാണ്. ടി വ്യത്യാസം

എന്താണെന്ന് കൃത്യമായ കണക്കുകൾ സഹിതം നഗരസഭ മറുപടി ലഭ്യമാക്കേണ്ടതാണ്.
ആദ്യ വർഷങ്ങളിൽ ഫണ്ട് ലഭിച്ചിട്ടും അത് യഥാസമയം വിനിയോഗിക്കുന്നതിൽ നഗരസഭ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല. ഇത് ധനകാര്യ മാനേജ്മെന്റിലെ ഒരു പോരായ്മയാണ്. ആകെ ലഭിച്ച തുക (2.47 കോടി) യിൽ 1.94 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. പലിശ ഉൾപ്പെടെ 53,43,264 രൂപ ഇപ്പോഴും ബാക്കിയുണ്ട്.

B.വിവിധ വർഷങ്ങളിലായി പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ

പ്രോജക്ട് നമ്പർ	പ്രോജക്ട് പേര്	അടങ്കൽ	ചെലവ്	ബാലൻസ്
2023-24				
216	പുതുതായി ആരംഭിക്കുന്ന അർബൻ ഹെൽത്ത് വെൽനസ്സ് കേന്ദ്രവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന കെട്ടിടത്തിന് വാടക നൽകൽ	1000000	332500	667500
217	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രത്തിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന്	1100000	1000000	100000
218	ഹെൽത്ത് വെൽനസ്സ് കേന്ദ്രവുമായി ബന്ധപ്പെട്ട വെൽനസ്സ് ആക്ടിവിറ്റീസ്	1	0	1
219	അർബൻ ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങൾ-ടെലി മെഡിസിൻ ടെലി കൺസൾട്ടേഷൻ	222648	222648	0
220	കാൻസർ കെയർ	210000	0	210000
221	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രത്തിന്റെ ആവർത്തന ചെലവുകളും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും	5420957	3495546	1925411
222	ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നതിന്	2400000	48507	2351493
223	ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഇമേജിംഗുമായി കരാർ ചമയ്ക്കലും ഇൻഫെക്ഷൻ കൺട്രോൾ ആക്ടിവിറ്റീസ്	33529	35529	-2000
224	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ആവശ്യമായ മരുന്നുകൾ	1000000	976633	23367
225	ഹെൽത്ത് വെൽനസ്സ് സെന്ററുമായി ബന്ധപ്പെട്ട ഐ.ഇ.സി (IEC) പ്രവർത്തനങ്ങൾക്ക്	509664	509664	0
226	ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട കപ്പാസിറ്റി ബിൽഡിംഗ് ട്രയിനിംഗ് ആക്ടിവിറ്റീസ്	1	0	1
227	അർബൻ പി.എച്ച്.സി യുടെയും സി.എച്ച്.സി യുടെയും ദൈനംദിന ചെലവുകൾ	290000	289000	1000
346	നഗര പ്രദേശങ്ങളിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഉറപ്പ് വരുത്തൽ	3351000	2703925	647075
478	കല്ലൂർ ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരണം	453000	0	453000
479	വേമ്പടി ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരണം	493000	0	493000
480	ഉരുവച്ചാൽ ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരിക്കൽ	167200	0	167200
2024-25				
375	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങളിലേക്ക് ആവശ്യമായ മരുന്നുകൾ	1	0	1

376	ഹെൽത്ത് വെൽനസ്സ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഇമേജിംഗുമായി കരാർ ചമയ്ക്കലും ഇൻഫെക്ഷൻ കൺട്രോൾ ആക്ടിവിറ്റീസ്	-2000	0	-2000
378	ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നതിന്	2351493	460410	1891083
379	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രത്തിന്റെ ആവർത്തന ചെലവുകളും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും	2048778	1686151	362627
380	പുതുതായി ആരംഭിക്കുന്ന ഹെൽത്ത് വെൽനസ്സ് കേന്ദ്രത്തിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന്	1	0	1
381	അർബൻ പി.എച്ച്.സി യുടെയും സി.എച്ച്.സി യുടെയും ദൈനംദിന ചെലവുകൾ	1000	0	1000
382	പുതുതായി ആരംഭിക്കുന്ന അർബൻ ഹെൽത്ത് വെൽനസ്സ് കേന്ദ്രവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന കെട്ടിടത്തിന് വാടക നൽകൽ	667500	570000	97500
383	നഗര പ്രദേശങ്ങളിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഉറപ്പ് വരുത്തൽ	647075	646325	750
384	കല്ലൂർ ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരണം	453000	437321	15679
385	ഉരുവച്ചാൽ ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരിക്കൽ	167200	150819	16381
386	വേമ്പടി ഹെൽത്ത് വെല്ല്നെസ്സ് കേന്ദ്രം സജ്ജീകരണം	493000	488719	4281
440	സി.എച്ച്.സി യുടെയും സബ് സെന്ററുകളുടെയും പ്രവർത്തന ചെലവുകൾ	450000	0	450000
441	നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നഗര ജനകീയാരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തന ചെലവുകൾ	2900000	1200000	1700000
444	അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ	654000	0	654000

2. ചെലവിന്റെ ഘടനയും സ്വഭാവവും

2.1 ഹെൽത്ത് ഗ്രാന്റിന്റെ സിംഹഭാഗവും പോകുന്നത് സേവന വിപുലീകരണത്തിനല്ല, മറിച്ച് ജീവനക്കാരുടെ ശമ്പളത്തിനാണ്.

ശമ്പള ചെലവ്: ഏകദേശം 2.40 കോടി രൂപ.

ഓഡിറ്റ് എൻകയറിക്ക് (3/13.01.2026) നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം ആകെ വിനിയോഗിച്ച തുക 1.94 കോടി രൂപയാണ് എന്നും ശമ്പളത്തിനായി മാത്രം ചെലവായത് (Staff Salary) 2.39 കോടി രൂപ (മെഡിക്കൽ ഓഫീസർ, നഴ്സ്, ഫാർമസിസ്റ്റ്, അറ്റൻഡർ എന്നിവരുടെ തുക കൂട്ടിയാൽ). ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാന്റ് വരവിനേക്കാൾ കൂടുതൽ തുക ശമ്പളത്തിനായി ചെലവഴിച്ചിട്ടുണ്ട്.

2.2 ജീവനക്കാരുടെ ഘടനയിലെ അശാസ്ത്രീയത.

നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് ചെലവുകൾ പരിശോധിച്ചതിൽ, സാങ്കേതിക വൈദഗ്ധ്യമുള്ള സ്റ്റാഫ് നഴ്സുമാർക്കായി ചെലവഴിച്ചതിനേക്കാൾ (₹46.36 ലക്ഷം) ഉയർന്ന തുക നൈപുണ്യമില്ലാത്ത തസ്തികയായ അറ്റൻഡർമാർക്കായി (₹55.84 ലക്ഷം) ചെലവഴിച്ചതായി (വ്യത്യാസം: ₹9.48 ലക്ഷം) കാണപ്പെടുന്നു. ഇത് താഴെ പറയുന്ന കാരണങ്ങളാൽ അതിന് സാധ്യത കുറവാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.2.1. IPHS 2022 വോളിയം IV (Urban Health & Wellness Centre) ലംഘനം

മാനദണ്ഡം: IPHS 2022 മാർഗ്ഗരേഖ പ്രകാരം ഒരു അർബൻ വെൽനസ് സെന്ററിൽ (U-HWC) ഉണ്ടായിരിക്കേണ്ട 'Essential Staff' (അത്യാവശ്യ ജീവനക്കാർ) പട്ടികയിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, MPW (Multi Purpose Worker), ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്കാണ് മുൻഗണന.

ലംഘനം: 'അറ്റൻഡർ' അല്ലെങ്കിൽ 'സപ്പോർട്ട് സ്റ്റാഫ്' എന്നത് ക്ലിനിക്കൽ സ്റ്റാഫിനെ സഹായിക്കാൻ മാത്രമുള്ള തസ്തികയാണ്. IPHS മാനദണ്ഡപ്രകാരം ഒരു കേന്ദ്രത്തിൽ 1 അല്ലെങ്കിൽ 2 സപ്പോർട്ട് സ്റ്റാഫ് (Housekeeping/Security) മാത്രമേ അനുവദനീയമായിട്ടുള്ളൂ. എന്നാൽ ഇവിടെ ചെലവഴിച്ച തുക സൂചിപ്പിക്കുന്നത് നഴ്സുമാരുടെ എണ്ണത്തേക്കാൾ ഇരട്ടിയിലധികം അറ്റൻഡർമാരെ നിയമിച്ചിട്ടുണ്ട് എന്നാണ്. ഇത് IPHS നിർദ്ദേശിച്ച "HRH (Human Resources For Health) Plan" ന് വിരുദ്ധമാണ്. എല്ലാ വിഭാഗം സ്റ്റാഫുകളുടെയും വിശദമായ പട്ടിക ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.2.2 വേതന നിരക്കിലെ വൈരുദ്ധ്യം.

നിലവിലെ സർക്കാർ/NHM നിരക്കുകൾ പ്രകാരം ഒരു സ്റ്റാഫ് നഴ്സിന്റെ ശമ്പളം അറ്റൻഡറുടെ ശമ്പളത്തേക്കാൾ ഏകദേശം 1.5 മുതൽ 2 ഇരട്ടി വരെ കൂടുതലാണ്.

2.2.3 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലക്ഷ്യങ്ങൾക്ക് വിരുദ്ധം

ഹെൽത്ത് ഗ്രാന്റ് (Grant No: 3) അനുവദിച്ചിരിക്കുന്നത് 'Comprehensive Primary Health Care' (CPHC) ഉറപ്പുവരുത്താനാണ്. ഇതിൽ പ്രധാനം രോഗനിർണ്ണയം (Diagnostics), മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ എന്നിവയാണ്.

ഫണ്ടിന്റെ വലിയൊരു ഭാഗം (₹55 ലക്ഷം) ചികിത്സാ നൈപുണ്യമില്ലാത്ത (Non-Clinical Unskilled Labor) തസ്തികയ്ക്ക് നൽകുന്നത് പദ്ധതിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നതാണ്.

3. വിവിധ പദ്ധതികളുടെ പ്രകടനവും കാര്യക്ഷമതയും.

താഴെ പറയുന്ന പദ്ധതികൾ ലക്ഷ്യം കണ്ടതായി വിലയിരുത്തുന്നു:

മരുന്ന് വാങ്ങൽ (Project 224): 97.6% തുക വിനിയോഗിച്ചു. അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിൽ വിജയിച്ചു.

ബോധവൽക്കരണ പ്രവർത്തനങ്ങൾ (IEC - Project 225): 100% വിനിയോഗം.

അർബൻ വെൽനസ് സെന്റർ നടത്തിപ്പ്: ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

3.1 പരാജയപ്പെട്ട പദ്ധതികൾ / നിർജീവ മൂലധനം

ഫണ്ട് വകയിരുത്തിയിട്ടും ജനങ്ങൾക്ക് യാതൊരു ഗുണവും ലഭിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു :

പ്രൊജക്ട്	പദ്ധതിയുടെ പേര്	വകയിരുത്തിയത്	ചെലവ്	അവസ്ഥ
220	കാൻസർ കെയർ	2,10,000	0	(രോഗികൾക്ക് സഹായം ലഭിച്ചില്ല)
478	കല്ലൂർ വെൽനസ് സെന്റർ	4,53,000	0	നടപ്പിലായില്ല
479	വേമ്പടി വെൽനസ് സെന്റർ	4,93,000	0	നടപ്പിലായില്ല

480	ഉരുവച്ചാൽ വെൽനസ് സെന്റർ	1,67,200	0	നടപ്പിലായില്ല

4. പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ

1) 2022-23 ൽ 1.35 കോടി രൂപയിൽ, ഭൂരിഭാഗവും ചെലവഴിക്കാതെ സൂക്ഷിച്ചു. ഇത് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വൈകിപ്പിച്ചു.

2) കല്ലൂർ, വേമ്പടി, ഉരുവച്ചാൽ എന്നീ വെൽനസ് സെന്ററുകൾക്കായി പണം നീക്കിവെച്ചിട്ടും നിർമ്മാണം/സജ്ജീകരണം നടന്നില്ല (ചെലവ് പൂജ്യം). എന്നാൽ ഈ സെന്ററുകളിലേക്കുള്ള ജീവനക്കാരുടെ ശമ്പളം മറ്റ് ഹെഡുകളിൽ നിന്നും മാറുന്നുണ്ടോ എന്ന് പരിശോധിക്കണം. കെട്ടിടം ഇല്ലാതെ ജീവനക്കാർ എവിടെയാണ് ജോലി ചെയ്യുന്നത് എന്നത് വ്യക്തമല്ല.

3) പ്രൊജക്ട് 223, 376 എന്നിവയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി (Negative Balance) കാണുന്നു. ഇത് ബജറ്റ് കൺട്രോൾ സംവിധാനത്തിന്റെ പോരായ്മയാണ്. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

5. ശുപാർശകൾ

1.നിർജീവ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക : കാൻസർ കെയർ (Proj 220), പാലിയേറ്റീവ് കെയർ (Proj 222) എന്നിവയ്ക്കായി മാറ്റിവെച്ച തുക അടിയന്തരമായി വിനിയോഗിക്കുകയോ, ആവശ്യമുള്ള മറ്റ് മേഖലകളിലേക്ക് (ഉദാ: മരുന്ന്) മാറ്റുകയോ ചെയ്യാവുന്നതാണ്.

2.തസ്തിക പുനഃക്രമീകരണം: നഴ്സുമാരേക്കാൾ കൂടുതൽ തുക അറ്റൻഡർമാർക്കായി ചെലവഴിക്കുന്നത് ശാസ്ത്രീയമാണോ എന്ന് പരിശോധിക്കുക. അറ്റൻഡർമാരുടെ എണ്ണം, അവരുടെ ജോലിഭാരം (Workload), നിയമന മാനദണ്ഡം എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം (Work-Study) നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

3.കെട്ടിട സൗകര്യം: പ്രവർത്തിക്കാത്ത വെൽനസ് സെന്ററുകളുടെ തടസ്സങ്ങൾ നീക്കുക. സ്ഥലം/കെട്ടിടം ലഭ്യമല്ലെങ്കിൽ ആ തുക മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മട്ടന്നൂർ നഗരസഭ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മരുന്ന് വിതരണവും ജീവനക്കാരുടെ നിയമനവും നടത്തുന്നതിൽ വിജയിച്ചെങ്കിലും, അടിസ്ഥാന സൗകര്യ വികസനത്തിലും കാൻസർ നിയന്ത്രണത്തിന്റെ വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. വലിയൊരു തുക (53 ലക്ഷം) വിനിയോഗിക്കാതെ കിടക്കുന്നത് പദ്ധതിയുടെ ലക്ഷ്യത്തെ ബാധിക്കുന്നുണ്ട്.

1-43 പെൻഷൻ ഫണ്ടുകളുടെ ഓഡിറ്റ്

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡി.സി.ആർ.ബി റൂൾസ് ചട്ടം 7(2)8 പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസം 25 ന് മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയിസ് ഡി.സി.ആർ.ബി റൂൾസ് 1997 (G.O (P) 96/97 LAD, Dt 3-5-1997) ചട്ടം 1&7 (2) പ്രകാരം ശമ്പളത്തിന്റെ 15% തുക കണ്ടിജന്റ് പെൻഷൻ ഫണ്ടിനുവേണ്ടി പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ച് അതിൽ കൃത്യമായി നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷവും തൻവർഷത്തെ പെൻഷൻ ഫണ്ട് അക്കൗണ്ട് ബന്ധപ്പെട്ട തദ്ദേശസ്ഥാപനം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ ഫണ്ട് അക്കൗണ്ട് പ്രത്യേകമായി സൂക്ഷിക്കുന്നില്ല.തനതുഫണ്ട് അക്കൗണ്ടിൽ നിന്ന് പെൻഷൻ /മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷത്തിൽ ₹12,88,054 സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.

2024-25 വർഷത്തിൽ റഗുലർ, കണ്ടിജന്റ് പെൻഷൻ വിതരണത്തിന് ചെലവഴിച്ച തുക

റഗുലർ ജീവനക്കാർ		കണ്ടിജന്റ് ജീവനക്കാർ	
പ്രതിമാസ പെൻഷൻ ചെലവ്	1021863	പ്രതിമാസ പെൻഷൻ ചെലവ്	2404219
പെൻഷൻ കുടിശ്ശിക	0	പെൻഷൻ ആനുകൂല്യങ്ങൾ	
ഗ്രാറ്റുവിറ്റി	0	ഗ്രാറ്റുവിറ്റി	927752
കമ്മ്യൂട്ടേഷൻ	0	കമ്മ്യൂട്ടേഷൻ	
പെൻഷൻ പരിഷ്കരണ കുടിശ്ശിക	0	പെൻഷൻ പരിഷ്കരണ കുടിശ്ശിക	0
ഉത്സവബത്ത	5000	ഉത്സവബത്ത	12000
ആകെ	1026863	ആകെ	3343971

നഗരസഭയിൽ നിന്നും റഗുലർ വിഭാഗത്തിൽ നിന്ന് 6 പേരും കണ്ടിജന്റ് വിഭാഗത്തിൽ നിന്ന് 12 പേരും പെൻഷൻ കൈപ്പറ്റുന്നുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭിക്കാത്തത് കാരണം മുഴുവൻ തുകയും തനത്ഫണ്ടിൽ

നിന്നാണ് ചെലവഴിക്കുന്നത്. നഗരസഭയിൽ റഗുലർ പെൻഷൻ, ഫാമിലി പെൻഷൻ, കണ്ടിജന്റ് പെൻഷൻ, കൺടിജന്റ് ഫാമിലി പെൻഷൻ എന്നിവ കൈപ്പറ്റുന്നവരുടെ ഡാറ്റാബേസ് പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ടെങ്കിലും പെൻഷൻ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. പ്രസ്തുത ഡാറ്റ ബേസിൽ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, കമ്മ്യൂട്ടേഷൻ പുനസ്ഥാപിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പരിഷ്കരിച്ച പെൻഷൻ സംബന്ധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. പെൻഷൻ പരിഷ്കരണത്തിന് ശേഷം അനുവദിക്കുന്ന പെൻഷൻ സംബന്ധിച്ച് കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. കമ്മ്യൂട്ടേഷൻ പുനസ്ഥാപിക്കുന്ന തീയതി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ് സി കിണർ റിപ്പയർ - അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്യനിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ / പേര്	192/25 എസ് സി കിണർ റിപ്പയർ (സ്പിൽ ഓവർ)
അടങ്കൽ	₹72,000 വികസനഫണ്ട് -എസ് സി പി
ചെലവ്	(₹24,000 ബിൽ നം.101/30.08.2024 ₹16,000 ബിൽ നം.351/14.03.2025) ആകെ – ₹40,000

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് കിണർ റിപ്പയർ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് തയ്യാറാക്കിയതാണ് പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി ശ്രീ.മോഹനൻ. കെ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No.- 42562250004948, IFSC CNRB0014256) ബിൽ നം.101/30.08.2024 പ്രകാരം ₹24,000 നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ലെ ഖണ്ഡിക 6.6.4 പ്രകാരം, തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകൾ ആക്കി മാറ്റുന്നതിന് പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിട്ടുള്ള പരമാവധി സബ്സിഡി തുക 16,000 രൂപയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി സബ്സിഡി തുകയേക്കാൾ ₹8,000 അധികം ശ്രീ.മോഹനൻകെ.കെ. എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (24/19.01.2026) നൽകിയതിന് മറുപടിയായി, ₹8,000 അധികമായി അനുവദിച്ചിട്ടുണ്ടെന്നും ശ്രീ. മോഹനന്റെ മകന്റെ ഭവന നവീകരണത്തിനായി സബ്സിഡി അനുവദിക്കുന്നതിൽ നിന്നും അധികം നൽകിയ തുക കുറവ് ചെയ്യാൻ സാധിക്കുന്നതാണെങ്കിൽ കുറവ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡിയിനത്തിൽ അധികം നൽകിയ ₹8,000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് - അവലോകനം

എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

ഓഡിറ്റ് വർഷത്തിലെ	2024-25 വർഷത്തിലെ	മെഡിസെപ് പ്രീമിയം	മെഡിസെപ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്സ്

ജീവനക്കാരുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഇനത്തിൽ ഈടാക്കിയ തുക	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
ഏപ്രിൽ	46	23000.00	23000.00	ഇല്ല	
മെയ്	45	22500.00	22500.00	ഇല്ല	
ജൂൺ	45	22500.00	22500.00	ഇല്ല	
ജൂലൈ	44	22000.00	22000.00	ഇല്ല	
ആഗസ്റ്റ്	43	21500.00	21500.00	ഇല്ല	
സപ്തംബർ	46	23000.00	23000.00	ഇല്ല	
ഒക്ടോബർ	45	22500.00	22500.00	ഇല്ല	
നവംബർ	45	22500.00	22500.00	ഇല്ല	
ഡിസംബർ	47	23500.00 1500.00 (കുടിശിക)	25000.00	ഇല്ല	
ജനുവരി	47	23500.00	23500.00	ഇല്ല	
ഫെബ്രുവരി	46	23000.00	23000.00	ഇല്ല	
മാർച്ച്	46	23000.00	23000.00	ഇല്ല	
ആകെ		2,74,000.00	2,74,000.00	ഇല്ല	

ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടുശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01/08/2024 മുതൽ 31/03/2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസ്സിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടുശ്ശിക ഉൾപ്പടെ	മെഡിസെപ് പ്രീമിയെ ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക

ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	15-01-2026 മുതൽ 17-01-2026 വരെയും 19-01-2026 നും	കെ.എസ്.എ/കെ.എൻ.ആർ/ ബി.3/201/2026 തീയതിഃ 25.03.2026

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ തീയതി.	മുൻകൂർ നൽകിയ തുക(₹)	ചെലവഴിച്ച തുക(₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹)
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	കുഴിക്കൽ അംഗനവാടിക്ക് കുഴൽക്കിണർ(പ്രോ.നം224/25)	242201470 01901093607	1,20,000	1,16,817	ബാക്കിയുള്ള ₹3183 24-06-2025 ന് തിരികെ ലഭിച്ചു.
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം(207/25)	242201470 01900045	3,85,000	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ചതും തിരിച്ചടച്ചതും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻ വർഷം ലഭിച്ച വായ്പ (₹)	തിരിച്ചടക്കേണ്ട ആകെ തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
						മുതൽ	പലിശ	
പി.എം.എ.വൈ KURDFC ലോൺ	ജി.ഒ (എം.എസ്) 68/2018/ത.സ്വ.ഭ.വ/ 18-05-2018	4,42,00,000	29533331	0	29533331	2946667		26586664
ഹഡ്കോ ലോൺ	ജി.ഒ(ആർ.ടി)1087/2024/തസ്വഭവ	6200000		6200000	6200000	0		6200000
ആകെ		50400000	29533331	6200000	35733331	2946667	0	32786664

വായ്പ തുക വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുക, രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4-7 സ്ഥിര നിക്ഷേപം

മുനിസിപ്പാലിറ്റിക്ക് സ്ഥിരനിക്ഷേപമിനത്തിലുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം(₹)	1,22,55,631
തൻ വർഷം നിക്ഷേപിച്ച തുക(₹)	4,52,469
ആകെ(₹)	1,27,08,100
തന്നാണ്ടിൽ പിൻവലിച്ച തുക(₹)	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം(₹)	1,27,08,100

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ക്രമ നമ്പർ	ഇനം	നിക്ഷേപിച്ച തിയ്യതി & പലിശ	തുക (₹)	കാലാവധി പൂർത്തിയാകുന്ന തീയതി
1	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 26/2010-11/16-5-2023	16-05-2024 8.25%	32,48,327	16-05-2025
2	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ	28-10-2024 8.25%	12,61,635	28-10-2025

	FD നമ്പർ 0302111703477/29-10-2023			
3	കൊളാരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മട്ടന്നൂർ FD നമ്പർ 002111 705083/19-02-2024	19-02-2024 9%	60,00,000	19-01-2026
4	യൂനിയൻ ബാങ്ക്, മട്ടന്നൂർ FD നമ്പർ -817585 / 28.1.2024	28.1.2024 6.75%	16,77,138	28.1.2026
5	ക്ലീൻ കേരള മിഷൻ ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 033/26-5-2014, 500 എണ്ണം @ ₹1000		5,00,000	
6	ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 256/13.1.1993 -60 എണ്ണം @ ₹100		6,000	
7	ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 207/13.1.1993 -150 എണ്ണം @ ₹100		15,000	
			1,27,08,100	

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുനിസിപ്പാലിറ്റിയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ സ്ഥിതി
2001-02	6	2004-05	4/11-13	രേഖയില്ല കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട്	പരാമർശം നിലനിൽക്കുന്നു
2016-17	3-1	2017-18	1-13-6	ഫണ്ട് വിനിയോഗം പുരോഗതി കൈവരിച്ചില്ല	പരാമർശം നിലനിൽക്കുന്നു

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹)	:	29,11,94,159
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(₹)	:	24,72,86,596
വരവിനങ്ങളിലുള്ള നഷ്ടം(₹)	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹)	:	8,000

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക(₹)	: 6236840

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	നഷ്ട തുക		ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
		ചാർജ്ജ് ചെയ്യാവുന്നത്	സർചാർജ്ജ് ചെയ്യാവുന്നത്	
1	1-20 (3-1)	-	8000	ശ്രീ. വിജീഷ് കെ.കെ, പ്രോജക്ട് ഓഫീസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	1,00,000	ശ്രീ. വിനോദ്കുമാർ.എസ് ,സെക്രട്ടറി
1-17	5,00,000	ശ്രീ.പ്രണാം.കെ.ടി, സെക്രട്ടറി-ഇൻ-ചാർജ്
1-18	2,05,000	ശ്രീ.വിജീഷ്.കെ.കെ,പ്രോജക്ട് ഓഫീസർ
1-21	13,080	ശ്രീ.രമേഷ് ബാബു.കെ.പി,പ്രോജക്ട് ഓഫീസർ
1-22	2,00,000	ശ്രീ.രമേഷ് ബാബു.കെ.പി,പ്രോജക്ട് ഓഫീസർ
1-23	23,180	ശ്രീ.വിജീഷ്.കെ.കെ,പ്രോജക്ട് ഓഫീസർ
1-24	1,55,275	ശ്രീ.പ്രണാം.കെ.ടി, സെക്രട്ടറി-ഇൻ-ചാർജ്
1-25	1,08,100	ശ്രീ. വിനോദ് കുമാർ എസ്, സെക്രട്ടറി
1-30	19,690	ശ്രീമതി ഷൈലജ എ, ഹെഡ് മാസ്റ്റർ, ജി.എൽ.പി.സ്കൂൾ, മട്ടന്നൂർ
1-32	1,55,499	ഡോ. സുഷമ കെ, മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം
1-33	96,620	ഡോ. സുഷമ കെ, മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം
1-34	10,00,000	ശ്രീ.പ്രണാം.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
1-36	13,38,686	ശ്രീ.പ്രണാം.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
1-37	3,85,000	ശ്രീ.പ്രണാം.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
1-38	1,19,486	ശ്രീ.പ്രണാം.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
1-41	1817224	ശ്രീ.പ്രണാം.കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	62,36,840	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
ശ്രീ. എസ്. വിനോദ് കുമാർ, സെക്രട്ടറി	സെക്രട്ടറി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം	ടി.സി. 20/18-16, നാരായണ നിവാസ്, തമലം, പൂജപ്പുര, തിരുവനന്തപുരം 695012
ശ്രീ. കെ.പി. രമേഷ് ബാബു പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമാർജന സെൽ	വിരമിച്ചു	ടി.പി ഹൗസ്, ചെണ്ടയാട് പി.ഒ മാവിലേരി, കണ്ണൂർ ജില്ല
ശ്രീ.വിജീഷ്.കെ.കെ പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമാർജന സെൽ	സീനിയർ ക്ലാർക്ക്, മട്ടന്നൂർ നഗരസഭ	പുത്തലത്ത് ഹൗസ്, കീഴത്തൂർ,പാതിരിയാട്.പി.ഒ, കണ്ണൂർ670741
ഡോ. സുഷമ കെ., മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം	മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം മയ്യിൽ	കൊളക്കാൽ ഹൗസ്, മുണ്ടയാട് പി.ഒ., കണ്ണൂർ
ശ്രീ. പ്രണാം കെ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്	കൊളങ്ങരക്കണ്ടി ഹൗസ്, തൃക്കണ്ണപുരം, പൂക്കോട് 670691
ശ്രീമതി ഷൈലജ എ	ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ് പഴശ്ശി	സ്വസ്തി, കീച്ചേരി പി.ഒ മട്ടന്നൂർ, കണ്ണൂർ

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98 തനത് ഫണ്ട്	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	3
1997-98 പദ്ധതി വിഹിതം	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	9
1998-99 തനത് ഫണ്ട്	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	10
1998-99 പദ്ധതി വിഹിതം	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	11
1999-00 തനത് ഫണ്ട്	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	1
1999-00 പദ്ധതി വിഹിതം	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	10
2000-01 പദ്ധതി വിഹിതം	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	17
2000-01 തനത് ഫണ്ട്	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	1

2001-02 തനത് ഫണ്ട്	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	6
2001-02 പദ്ധതി വിഹിതം	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	10
2002-03	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	3
2003-04	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	4
2004-05	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	5
2006-07	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	6
2007-08	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	6
2008-09 2009-10	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	23
2010-11 2011-12	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	47
2012-13 2013-14 2014-15	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	44
2015-16	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	18
2016-17	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	20
2017-18	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	33
2018-19	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	22
2019-20	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	16
2020-21	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	19
2021-22	കെഎസ്എ/കെ.എൻ.ആർ/ബി 3/ 1151/2025 തീയതി 30.12.2025	18
2022-23	കെ.എസ്.എ/കെ.എൻ.ആർ./സി.15/ 92/2024 തീയതിഃ 12.07.2024	58
2023-24	കെ.എസ്.എ/കെ.എൻ.ആർ./ ബി.3/658/2025 തീയതി 28.05.2025	51

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 29-11-2025 and submitted on 03-12-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Mattannur Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mattannur Municipality as on 31-03-2025

Date: 25/03/2026

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Mattannur Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Discrepancies in carry over the Gross surplus/deficit of Income Over Expenditure to the balance sheet.

2. Amount shown as liability in Balance sheet does not match with Bank account opened for the specified grant account(CFC Grant, distress relief fund,).

3. NULM Fund- Utilized amount remain as liability.

4.AUEGS Fund- Income and Expenditure amount not taken in to account

5. CFC Grant amount booked in wrong account head.

6. Development fund recorded as PMAY fund.

7. Interest amount from the fixed deposit not taken in to accounting

8.Details of amount shown in suspense account not produced for verification.

9. Outstanding loan amount shown in balance sheet does not match with the amount shown in Loan register

10.Mandatory financial statements such as Ratios, B1 Schedule prescribed in 2007 kerala municipality accounting rules not submitted for audit.

11. Comparitive amounts for the preceding year ,prescribed in 2007 kerala municipality accounting rules not recorded.

12. Notes on Account prescribed in 2007 kerala municipality accounting rules not submitted for audit.

13. Lapses in making timely and accurate demand entries in respect of tax and non tax revenue.

14. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

15. Documents related to the amount shown in B18 Schedule not produced for verification.

16. Revenue expenditure recorded as asset.

17. Amount of expenditure incurred for asset creation not recorded as asset.

18. Details of reconciliation amount shown in bank reconciliation statement not produced for verification.

19. Bank book balance of bank account shown in bank reconciliation statement not tally with the actual bank balance as on that day.

20. Advance amount recorded as fixed asset

21. Asset register maintained is not reliable for audit

22. The following registers are not maintained

I) Advance register

ii) Deposit register

iii) Register related to the various tax and non tax revenue

iv) Investment register

V) Appropriation Control Register

23. Details of Property Tax exempted through a journal entry not provided for verification

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Mattannur Municipality RECEIPT & PAYMENT STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	OB	88518185.00
Cash	Cash	OB	437738.00
	Operating		
1100000	Tax Revenue	R1	5491332.00
1400000	Fees & User Charges	R4	14852337.00
1500000	Sale & Hire Charges	R5	123302.00
1600000	Revenue Grants, Contributions and Subsidies	R6	49800.00
1700000	Income from Investments	R7	3150.00
1710000	Interest Earned	R8	2005354.00
1800000	Other Income	R9	5000.00
3100000	Panchayat Fund	R21	23270815.00
3110000	Earmarked Funds	R10	873167.00
3200000	Grants, Funds & Contributions for Specific Purposes	R11	61124941.00
3300000	Secured Loans	R12	6200000.00
3400000	Deposits Received	R13	2633318.00
3500000	Sundry Creditors	R14	6829692.00
3500000	Sundry Creditors	R15	1081500.00
4310000	Sundry Debtors	R20	74034796.00
4310000	Sundry Debtors	R17	86911016.00
4600000	Advances Received	R18	5704639.00
	Non Operating		
	TOTAL RECEIPT		291194159.00
	GRAND TOTAL (Opening Balance+ Receipt)		380150082.00
	PAYMENTS		
	Operating		
2100000	Establishment Expenses	P1	10970769.00
2200000	Administrative Expenses	P2	5975375.00
2300000	Operations & Maintenance	P3	6309089.00
2400000	Interest on Loans	P4	2150.00
2500000	Programme Expenses	P5	9839400.00
2520000	Expenses related to Service Sector	P7	29206366.00
2530000	Expenses related to Infrastructure Sector	P8	1603706.00
2600000	Revenue Grants, Contribution and Subsidies	P11	2871366.00
2800000	Prior Period Item	P12	109069.00
3400000	Deposits Paid	P16	5001629.00
3500000	Sundry Creditors	P17	104143644.00
4100000	Fixed Assets	P18	4009122.00

4310000	Redemption amount	P24	64444728.00
4600000	Loans, Advances and Deposits	P23	2800183.00
	Non Operating		
	TOTAL PAYMENT		247286596.00
	Closing Balance		
Bank	Bank	CB	132797751.00
Cash	Cash	CB	65735.00
	Grand Total (Payment + Closing Balance)		380150082.00

അനുബന്ധം-3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Mattannur Municipality INCOME & EXPENDITURE STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	INCOME		
1100000	Tax Revenue	I - 1(a)	-1429103.00
1100000	Tax Revenue	I -1	39048427.00
1300000	Rental Income from Panchayat / Municipal Properties	I - 3	11285266.00
1400000	Fees and User Charges Remission and Refund	I - 4	17829813.00
1500000	Sale & Hire Charges	I - 5	139118.00
1600000	Revenue Grants, Funds, Contributions & Compensations / Subsidies	I - 6	268158710.00
1700000	Income from Investments	I - 7	3150.00
1710000	Interest Earned	I - 8	1751879.00
1800000	Other Income	I - 9	5000.00
	Total Income		336792260.00
	EXPENDITURE		
2100000	Establishment Expenses	I - 10	42802567.00
2200000	Administrative Expenses	I - 11	6256839.00
2300000	Operations & Maintenance	I - 12	37687546.00
2400000	Interest & Finance Charges	I - 13	2150.00
2500000	Programme Expenses	I - 14	12052781.00
2510000	Expenses related to Productive Sector	I - 14(a)	8871019.00
2520000	Expenses related to Service Sector	I - 14(b)	92903015.00
2530000	Expenses related to Infrastructure Sector	I - 14(c)	20316230.00
2540000	Expenses related to State Sponsored Schemes	I - 14(d)	103704900.00
2600000	Revenue Grants, Contributions & Compensation from Own Fund / Subsidies	I - 15	2871366.00
2720000	Depreciation	I - 18	11726902.00
	Total Expenditure		339195315.00
	Gross Surplus / Deficit of income over Expenditure		-2403055.00
2800000	Prior Period Item	I - 19	-5724816.00
	Gross Surplus/Deficit of Income over Expenditure after prior period items.		3321761.00

അനുബന്ധം-3-3

ബാലൻസ് ഷീറ്റ്

Mattannur Municipality BALANCE SHEET			
AS on 31-March-2025			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
3100000	Panchayat / Municipal Fund	B1	164252950.00
3110000	Earmarked Funds	B2	988002.00
3120000	Reserves	B3	361757732.00
	Total Reserve & Surplus		526998684.00
	Grants, Contributions for Specific Purposes		
3200000	Grants, Funds & Contribution for Specific Purposes	B4	144308715.00
	Total Grants, Contributions for Specific Purposes		144308715.00
	Loans		
3300000	Secured Loans	B5	33746663.00
	Total Loans		33746663.00
	Current Liabilities & Provisions		
3400000	Deposits Received	B7	49912867.00
3500000	Other Liabilities	B8	22023921.00
	Total Current Liabilities and Provisions		71936788.00
	Total LIABILITY		776990850.00
	ASSETS		
	Fixed Assets		
4100000	Fixed Assets	B9	599038556.00
4110000	Accumulated Depreciation	B10	-143882672.00
4120000	Capital Work in Progress	B11	50061930.00
	Total Fixed Assets		505217814.00
	Investments		
4200000	Investments	B12	11995417.00
	Total Investments		11995417.00
	Current Assets, Loans and Advances		
4310000	Sundry Debtors (Receivables)	B14	116247211.00
4320000	Accumulated Provisions Against Debtors (Receivables)	B15	-1229846.00
4500000	Cash and Bank Balance	B17	132863486.00
4600000	Loans, Advances and Deposits	B18	11896768.00
	Total Current Assets, Loans and Advances		259777619.00
	TOTAL ASSET		776990850.00

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.